പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 391 — 10/07/2009-ൽ മറുപടിക്ക്

## എസ്. എസ്. എ. പദ്ധതി

**ചോദ്യം**

ശ്രീ. എൻ. ശക്തൻ :

ശ്രീ. കെ. ബാബു :

**ഉത്തരം**

ശ്രീ. എം.എ.ബേബി

(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)

എ) എസ്.എസ്.എ. പദ്ധതിക്കായി 2002-03 മുതൽ 2008-09 വരെ എത്ര രൂപ കേന്ദ്രസർക്കാർ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

എ) വിശദവിവരം ചുവടെ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

| വർഷം | അംഗീകരിച്ച പദ്ധതി തുക | കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട തുക | ലഭിച്ച തുക |
|---|---|---|---|
| 2002-03 | 8682.53 | 6511.90 | 3259.26 |
| 2003-04 | 12742.88 | 9557.16 | 4966.00 |
| 2004-05 | 16789.72 | 12592.29 | 8939.00 |
| 2005-06 | 17542.00 | 13156.50 | 5939.00 |
| 2006-07 | 17154.00 | 12865.50 | 4382.00 |
| 2007-08 | 15956.39 | 10371.65 | 10323.42 |
| 2008-09 | 18860.80 | 12259.52 | 10854.05 |
| **ആകെ** | **107728.32** | **77314.52** | **48662.73** |

ബി) കേരള സർക്കാരിന്റെ വിഹിതം എത്രയായിരുന്നു ;

ബി) വിശദവിവരം ചുവടെ ചേർക്കുന്നു

(തുക ലക്ഷത്തിൽ)

| വർഷം | സംസ്ഥാന വിഹിതം അനുവദിക്കേണ്ടത് | അനുവദിച്ച തുക |
|---|---|---|
| 2002-03 | 2170.63 | 312.77 |
| 2003-04 | 3185.72 | 2280.49 |
| 2004-05 | 4197.43 | 583.18 |
| 2005-06 | 4385.5 | 3553.42 |
| 2006-07 | 4288.5 | 3742.40 |
| 2007-08 | 5584.74 | 4820.32 |
| 2008-09 | 6601.28 | 6293.00 |
| **ആകെ** | **30413.80** | **21585.58** |

→

സി) ഇതിന്റെ എത്ര ശതമാനം ചെലവാക്കിയെന്ന് വ്യക്തമാക്കുമോ ;

സി) ആകെ അനുവദിച്ച തുകയും ചെലവഴിച്ച തുകയും ശതമാനവും ചുവടെ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

| വർഷം | അനുവദിച്ച തുക | ചെലവ് | |
|---|---|---|---|
| | | തുക | ശതമാനം |
| 2002-03 | 8682.53 | 2485.81 | 28.63 |
| 2003-04 | 12742.88 | 6078.03 | 47.70 |
| 2004-05 | 16789.72 | 9151.94 | 54.51 |
| 2005-06 | 17542.00 | 10303.46 | 58.74 |
| 2006-07 | 17154.00 | 9998.96 | 58.29 |
| 2007-08 | 15956.39 | 13760.40 | 86.24 |
| 2008-09 | 18860.80 | 17695.88 | 93.82 |

ഡി) മുഴുവൻ തുകയും ചെലവഴിക്കാതിരുന്നതെന്തുകൊണ്ടാണ് ;

ഡി) 2006-07, 2007-08, 2008-09 വർഷങ്ങളിൽ യഥാക്രമം അനുവദിച്ച തുകയുടെ 58.29, 86.24, 93.82 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ ആസൂത്രണത്തിലും നിർവഹണത്തിലും പ്രാദേശിക ഭരണകൂടങ്ങളുടെ ഇടപെടലുകൾ വേണ്ടത്ര ഉറപ്പുവരുത്തിയിരുന്നില്ല. കൂടാതെ മതിയായ ജീവനക്കാരുടെ അഭാവവും ഉണ്ടായിരുന്നു.

ഇ) ഈ പദ്ധതി പരാജയപ്പെടുന്നതിനിടയാക്കിയവരുടെമേൽ എന്തു നടപടിയെടുത്തുവെന്ന് വ്യക്തമാക്കുമോ ;

ഇ) നിലവിൽ ഇൻഡ്യയിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച്, എസ്.എസ്.എ.പദ്ധതി കേരളത്തിൽ വിജയകരമായി നടപ്പാക്കി വരികയാണ്. കേരളത്തിൽ പദ്ധതി വൻ വിജയമായതിനാൽ കേന്ദ്ര സർക്കാരിന് കീഴിലുള്ള മാനവവിഭവശേഷി വികസന മന്ത്രാലയം പ്രത്യേകം അഭിനന്ദനം അറിയിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്നും കേരളത്തിലെ എസ്.എസ്.എ. പദ്ധതി വിലയിരുത്തുവാൻ 2009 ജനുവരിയിൽ സന്ദർശനം നടത്തിയ ജോയിന്റ് റിവ്യൂ മിഷൻ കേരളം പദ്ധതി നടപ്പിലാക്കുന്നത് മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്ന് അവരുടെ റിപ്പോർട്ടിൽ പ്രത്യേകം വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ മറ്റു സംസ്ഥാനങ്ങളിലെ പ്രതിനിധികളെ കേരളത്തിൽ പോയി പദ്ധതി നടപ്പിലാക്കുന്നത് കണ്ടു മനസ്സിലാക്കുവാൻ പ്രത്യേകം നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| എഫ്) | ഈ പദ്ധതിയുടെ ചെലവുകൾ അക്കൗണ്ടന്റ് ജനറൽ ഓഡിററ് ചെയ്യുമോ ; | എഫ്) ഉം ജി) യും | എസ്.എസ്.എ.യുടെ 2007-2008 വർഷം വരെയുള്ള ചെലവുകൾ അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് ചെയ്തിട്ടുണ്ട്. 2008-09 വർഷത്തെ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |
| ജി) | എസ്.എസ്.എ.യുടെ ഇതുവരെയുള്ള ചെലവുകൾ എ.ജി.യുടെ ഓഡിറ്റിന് വിധേയമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ **392** 10/07/2009 ൽ മറുപടിയ്ക്ക്

ലാന്റ് ഇൻഫർമേഷൻ മിഷൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി. എൻ. പ്രതാപൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ജി. കാർത്തികേയൻ | ശ്രീ. കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്രത്തിൽ നിന്നും എത്ര തുക ലഭിക്കും; | (എ) കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 5 കോടി രൂപ സംസ്ഥാന വിഹിതമാണ്. |
| (ബി) ഈ പദ്ധതിയുടെ ഭാഗമായി ഭൂമി കേരളം പ്രോജക്റ്റ് അനുസരിച്ച് എന്തെല്ലാം പരിപാടികളാണ് നടത്തുന്നത്; | (ബി) ഭൂമികേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പരിപാടികൾ ചുവടെ ചേർക്കുന്നു.<br>1. സംസ്ഥാനത്തെ റീസർവ്വെ മൂന്നു വർഷത്തിനകം പൂർത്തിയാക്കുക.<br>2. സർക്കാർ പുറമ്പോക്ക് സംബന്ധിച്ച് രേഖകൾ നാളതീകരിക്കുക.<br>3. സംസ്ഥാനത്തെ 27000 ഹെക്ടറോളം വരുന്ന ആദിവാസി വനഭൂമി സർവെ ചെയ്യുക.<br>4. തിരുവനന്തപുരം താലൂക്കിലെ 31 വില്ലേജുകളിലെ റീസർവ്വെ **NLRMP** മുഖേന പൂർത്തിയാക്കുക.<br>5. ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമുള്ള ഭൂമി സർവ്വെ ചെയ്യുക.<br>6. സർക്കാർ കാലാകാലങ്ങളിൽ ആവശ്യപ്പെടുന്ന വിവിധ പദ്ധതികൾക്കായുള്ള സ്ഥലങ്ങൾ സർവ്വെ ചെയ്യുക. |
| (സി) ഈ പ്രോജക്റ്റ് അനുസരിച്ച് നിയമിച്ച സർവ്വെയർമാർക്ക് എന്തെല്ലാം പരിശീലനമാണ് നൽകുന്നത്; | (സി) വകുപ്പിൽ അടുത്തകാലം വരെ ചെയിൻ, ക്രോസ് സ്റ്റാഫ്, ഥിയോഡോലൈറ്റ് തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ചാണ് പരമ്പരാഗത രീതിയിൽ സർവ്വെ ചെയ്തിരുന്നത്. 1998- ന് ശേഷം 60 ലക്ഷം രൂപ മുടക്കി 4 ജി. പി. എസ്, 15 കോടിയിലധികം ചെലവാക്കി 136 ടോട്ടൽ സ്റ്റേഷൻ എന്നിവ വാങ്ങിച്ചിട്ടുണ്ടെങ്കിലും ശരിയായ രീതിയിൽ ആഫീസർമാർക്കോ, ജീവനക്കാർക്കോ പരിശീലനം നൽകിയിരുന്നില്ല. അടുത്ത കാലത്ത് മാത്രമാണ് സർവ്വെ ഓഫ് |

| | |
|---|---|
| | ഇന്ത്യയിൽ 180 ഓളം സർവ്വെ ജീവനക്കാർക്ക് 5 ആഴ്ച കാലം നീണ്ടുനിൽക്കുന്ന പരിശീലനം നൽകിയിട്ടുള്ളത്. ഏരിയൽ ഫോട്ടോഗ്രാമെട്രി, സാറ്റലൈറ്റ് ഇമേജറി, ജിയോ ഗ്രഫിക്കൽ ഇൻഫോർമാറ്റിക് സിസ്റ്റം, ജി.പി.എസ്, ടോട്ടൽ സ്റ്റേഷൻ, കാഡ് സോഫ്റ്റ്‌വെയർ തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യയിലുള്ള പരിശീലനമാണ് നൽകുന്നത്. |
| (ഡി) സാധാരണ സർവ്വെയർമാരായി നിയമിക്കപ്പെടുന്നവർക്ക് നൽകപ്പെടുന്ന പരിശീലനമെന്തെല്ലാം; | (ഡി) മുൻപ് ചെയിൻ, ക്രോസ് സ്റ്റാഫ്, ഥിയോഡോലൈറ്റ് എന്നിവ ഉപയോഗിച്ചാണ് സർവ്വെ നടത്തിയിരുന്നത്. വകുപ്പിൽ നിയതമായ ഒരു പരിശീലന പരിപാടി നൽകുവാനുള്ള സംവിധാനം ഇതുവരെ ഉണ്ടായിരുന്നില്ല. |
| (ഇ) ഭൂമികേരളം പ്രോജക്റ്റ് അനുസരിച്ച് നിയമിക്കപ്പെടുന്ന സർവ്വെയർമാർക്ക് പോലീസ് അക്കാദമിയിൽ പരിശീലനം നൽകുന്നുണ്ടോ; | (ഇ) ഉണ്ട്, (418 പേർക്ക്.) |
| (എഫ്) അവിടെ എന്തെല്ലാം കാര്യങ്ങളിൽ പരിശീലനം കൊടുക്കപ്പെടുന്നു; | (എഫ്) ചെയിൻ സർവ്വെ, ഹയർ സർവ്വെ, ആധുനിക സർവ്വെ (ജി.പി.എസ്, ടോട്ടൽ സ്റ്റേഷൻ എന്നീ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള സർവ്വെ) എന്നിവയിലുള്ള പരിശീലനവും, ഫീൽഡിൽ നിന്നും ശേഖരിക്കുന്ന ഡാറ്റാ പ്രോസസ് ചെയ്യുന്നതിനും റിക്കാർഡുകൾ തയ്യാറാക്കുന്നതിനുമുള്ള പരിശീലനവുമാണ് നൽകുന്നത് |
| (ജി) എത്രകാലത്തേയ്ക്കാണ് ഈ പരിശീലനം നൽകുന്നത്; | (ജി) 45 ദിവസത്തെ പരിശീലനമാണ് പുതുതായി നിയമിച്ച സർവ്വെയർമാർക്ക് നൽകുന്നത്. |
| (എച്ച്) ഈ പരിശീലനത്തിന് പോലീസ് അക്കാദമിയിൽ തുക അടയ്ക്കേണ്ടതുണ്ടോ; | (എച്ച്) ഉണ്ട്. താമസം, ഭക്ഷണം, പരിശീലകർക്കുള്ള ഓണറേറിയം എന്നീ കാര്യങ്ങൾക്കായി 17 ലക്ഷം രൂപ പോലീസ് അക്കാദമിയിൽ അടയ്ക്കേണ്ടതുണ്ട്. |
| (ഐ) പോലീസ് അക്കാദമിയിലെ ഈ പരിശീലനം ഒഴിവാക്കി മുമ്പുണ്ടായിരുന്നതു പോലുള്ള പരിശീലനം മാത്രം നടത്താൻ നടപടികൾ സ്വീകരിക്കുമോ? | (ഐ) സർവ്വെ വകുപ്പിൽ യാതൊരു വിധത്തിലുമുള്ള ചിട്ടയായ പരിശീലനം മുമ്പ് നൽകിയിരുന്നില്ല. വകുപ്പിൽ ആധുനിക സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ചാണ് ഇപ്പോൾ സർവ്വെ നടത്തി വരുന്നത്. ഈ ഉപകരണങ്ങളിൽ യാതൊരു മുൻപരിചയവും ഇല്ലാത്ത ജീവനക്കാരെ ഉപയോഗിച്ച് റീസർവ്വെ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയില്ല. ഈ സാഹചര്യം ഒഴിവാക്കുന്നതിനാണ് പുതുതായി നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുവാൻ തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *393 — 10.07.2009-ലെ മറുപടിക്ക്

## 6-ാം ക്ലാസ്സിലെ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം.മുരളി:<br>,, വി.ഡി.സതീശൻ:<br>,, ജോർജ് മേഴ്സിയർ: | | ശ്രീ. എം. എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) | 2009-10 അദ്ധ്യയന വർഷത്തേക്കുള്ള 6-ാം ക്ലാസ്സിലെ പാഠപുസ്തങ്ങളുടെ അച്ചടിയും വിതരണവും പൂർത്തിയാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) | ആറാം ക്ലാസ്സിലെ എല്ലാ പുസ്തകങ്ങളും പുതുതായി അച്ചടിക്കേണ്ടവയാണ്. ഇവയുടെ അച്ചടി പൂർത്തിയായി വിതരണം പൂർത്തിയായി വരുന്നു. |
| (ബി) | അച്ചടിച്ച പുസ്തകങ്ങളിൽ ഗണിത ശാസ്ത്ര പുസ്തകം വീണ്ടും അച്ചടിക്കേണ്ടി വന്ന സാഹചര്യം വിശദമാക്കുമോ; | (ബി) | ഗണിത ശാസ്ത്ര പുസ്തകം വീണ്ടും അച്ചടിക്കേണ്ടി വന്നിട്ടില്ല. |
| (സി) | പുസ്തക രചന കഴിഞ്ഞശേഷം അച്ചടിക്ക് മുമ്പ് ഗ്രൂപ്പ് റീഡിംഗ് നടത്തുന്ന പതിവ് മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഈ വർഷം വേണ്ടെന്ന് വച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (സി) | പാഠപുസ്തക രചനയ്ക്ക് ശേഷം അച്ചടിക്ക് മുമ്പ് ഗ്രൂപ്പ് റീഡിംഗ് നടത്തുന്ന പതിവ് നിലവിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 394

10.07.2009 ൽ മറുപടിയ്ക്ക്.

## സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പഠന നിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എം.മോനായി<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.വി.ശശികുമാർ<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ. എം.എ.ബേബി<br>(ബഹു.വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ നിലവാരം സർക്കാർ - എയ്ഡഡ് കോളേജുകളെ അപേക്ഷിച്ച് വളരെ പിന്നിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇതു സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. |
| (ബി) പ്രൊഫഷണൽ കോളേജുകളിലെ പരീക്ഷാഫലം അവലോകനം ചെയ്ത് കൊച്ചിയിലെ സെന്റർ ഫോർ സോഷ്യോ എക്കണോമിക് ആന്റ് എൻവയൺമെന്റൽ സ്റ്റഡീസ് നടത്തിയ പഠന റിപ്പോർട്ട് സർക്കാർ പരിശോധിക്കുമോ; | (ബി) പഠന റിപ്പോർട്ട് ലഭിച്ചിട്ടില്ല. ലഭ്യമാക്കി പരിശോധിക്കുന്നതാണ്. |
| (സി) ഗുണനിലവാരമില്ലാത്ത വിദ്യാഭ്യാസം സംസ്ഥാനത്തിന്റെ വികസനത്തിന്റെ വിവിധ തലങ്ങളെ ഗുരുതരമായി ബാധിക്കുമെന്ന വസ്തുത പരിഗണിച്ച് സ്വാശ്രയ മേഖലയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി സർക്കാർ ഉചിതമായ നടപടികൾ കൈക്കൊള്ളുമോ? | (സി) സ്വാശ്രയ മേഖലയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ ബന്ധപ്പെട്ടവരുമായി ആലോചിച്ച് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 395 — 10/07/2009-ൽ മറുപടിക്ക്

**സ്കൂൾ ബസ്സുകളിലും വാനുകളിലും വിദ്യാർത്ഥികളെ കുത്തിനിറച്ചു കൊണ്ടുപോകുന്നവർക്കെതിരെ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ: | ശ്രീ.എം.എ.ബേബി (വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| എ) സ്കൂൾ ബസ്സുകളിലും വാനുകളിലും വിദ്യാർത്ഥികളെ കുത്തിനിറച്ചു കൊണ്ടുപോകുന്ന സ്കൂൾ ജീവനക്കാർക്കും മാനേജ്മെന്റിനുമെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) കുട്ടികളുടെ സുരക്ഷയെ മുൻനിർത്തി സ്കൂൾകുട്ടികളെ സ്കൂളിൽ കൊണ്ടുവരാനും കൊണ്ടുപോകാനും ഉപയോഗിക്കുന്ന ഓട്ടോറിക്ഷകളിലും, കാറുകളിലും മറ്റും അനുവദനീയമായതിലും അധികം കുട്ടികളെ കയറ്റുന്നതും, ഡ്രൈവറുടെ ഇരുവശങ്ങളിലോ, മടിയിലോ കുട്ടികളെ ഇരുത്തികൊണ്ടു പോകുന്നതും, സ്കൂൾ വാനിലും ബസ്സിലും കുട്ടികളെ നിർത്തി യാത്രചെയ്യിക്കുന്നതും പി.ടി.എ.യുടെ സഹകരണ ത്തോടെ നിർത്തലാക്കാൻ വേണ്ട നടപടി കൈക്കൊള്ളണമെന്ന് സംസ്ഥാനത്തിലെ എല്ലാ എസ്.എച്ച്.ഒ.- മാർക്കും, സി.ഐ.മാർക്കും, ഡി.വൈ.എസ്.പി.മാർക്കും പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) ഇത്തരം നടപടി പരിശോധിക്കുന്നതിന് വിദ്യാഭ്യാസ-വിജിലൻസ് സെൽ ആരംഭിക്കുമോ? | ബി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: 396

10.7.09 ൽ മറുപടിയ്ക്ക്

ക്രൈസിസ് മാനേജ്മെന്റ് സെൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പള്ളിപ്രം ബാലൻ | : | ശ്രീ. മുല്ലക്കര രത്നാകരൻ |
| ശ്രീ. എൻ. രാജൻ | : | (കൃഷി വകുപ്പ് മന്ത്രി) |
| ശ്രീ. വി.എസ്. സുനിൽ കുമാർ | : | |
| ശ്രീ. രാജാജി മാത്യു തോമസ് | : | |
| ശ്രീമതി. ഇ.എസ്. ബിജി മോൾ | : | |

(എ) കാർഷിക പ്രതിസന്ധി നേരിടാൻ കൃഷി വകുപ്പിൽ 'ക്രൈസിസ് മാനേജ്-മെന്റ് സെൽ'രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഈ സെല്ലിൽ അംഗങ്ങളായിട്ടുള്ള വർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(എ) രൂപീകരിച്ചിട്ടുണ്ട്. കൃഷി വകുപ്പ് ഡയറക്ടർ അദ്ധ്യക്ഷനും കൃഷി അഡീഷണൽ ഡയറക്ടർ കൺവീനറുമായുള്ള സംസ്ഥാന തല 'ക്രൈസിസ് മാനേജ്മെന്റ് സെൽ' രൂപീകരിച്ചിട്ടുണ്ട്.

അംഗങ്ങൾ താഴെ പറയുന്നവരാണ്.

1. കൃഷി അഡീഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്)
2. കൃഷി അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്)
3. സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ എഞ്ചിനീയർ
4. ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് ഡയറക്ടറോ അദ്ദേഹത്തിന്റെ പ്രതിനിധിയോ.
5. സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രതിനിധി
6. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രതിനിധി
7. ചെറുകിട ജലസേചന വകുപ്പിന്റെ സംസ്ഥാന-തല പ്രതിനിധി
8. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ സംസ്ഥാനതല പ്രതിനിധി
9. കൃഷി ജോയിന്റ് ഡയറക്ടർ (വാട്ടർ മാനേജ്മെന്റ്)
10. കൃഷി അസിസ്റ്റന്റ് ഡയറക്ടർ (റ്റി.ആർ സെക്ഷൻ)
11. കൃഷി അസിസ്റ്റന്റ് ഡയറക്ടർ (റ്റി. എഫ് സെക്ഷൻ)

കൂടാതെ ആലപ്പുഴ ജില്ലാ കളക്ടർ അദ്ധ്യക്ഷനും പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറുമായി കുട്ടനാട് മേഖലയ്ക്കുള്ള റീജിയണൽ 'ക്രൈസിസ് മാനേജ്മെന്റ് സെൽ' ആലപ്പുഴയിലും തൃശ്ശൂർ ജില്ലാ കളക്ടർ അദ്ധ്യക്ഷനായും പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറുമായുള്ള കോൾ മേഖലയ്ക്കുള്ള റീജിയണൽ

ക്രൈസിസ് മാനേജ്മെന്റ് സെൽ തൃശ്ശൂരിലും പാലക്കാട് ജില്ലാ കളക്ടർ അദ്ധ്യക്ഷനും പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറുമായുള്ള പാലക്കാട് മേഖലയ്ക്കുള്ള റീജിയണൽ ക്രൈസിസ് മാനേജ്മെന്റ് സെൽ പാലക്കാടും രൂപീകരിച്ചിട്ടുണ്ട്.

ബി). ഈ സെല്ലിന്റെ പ്രവർത്തനത്തിനായി നീക്കിവെച്ചിട്ടുള്ള സഞ്ചിത നിധി എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

(ബി)5, 05, 54, 674 രൂപാ ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

(സി). ഈ സെല്ലിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

(സി). പ്രകൃതി ക്ഷോഭങ്ങൾ മൂലം നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾക്ക് കേടുപാടുകൾ പറ്റുകയോ അതുമൂലം കൃഷികൾ നശിയ്ക്കാൻ സാഹചര്യം ഉണ്ടാവുകയോ ചെയ്താൽ അത്തരം കേടുപാടുകൾ തീർക്കുന്നതിനും ദുർബലമായവ ബലപ്പെടുത്തുവാനും ക്രൈസിസ് മാനേജ്മെന്റ് സെൽ നടപടികൾ സ്വീകരിയ്ക്കും. പ്രകൃതി ക്ഷോഭങ്ങൾ മൂലം നഷ്ടപ്പെട്ട കൃഷിയ്ക്ക് പകരം വീണ്ടും കൃഷിയിറക്കാൻ വിത്തു നല്കുന്നതിന് ഫണ്ട് ലഭ്യമല്ലെങ്കിൽ ആ സന്ദർഭങ്ങളിൽ ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് വിനിയോഗിയ്ക്കും. വീണ്ടും കൃഷിയിറക്കുന്നതിന് പ്രകൃതിക്ഷോഭം മൂലം നിലത്തിൽ അടിഞ്ഞുകൂടുന്ന ചെളി, ചപ്പു-ചവറുകൾ, മണൽ എന്നിവ നീക്കം ചെയ്ത് നിലം കൃഷിയ്ക്ക് ഉപയുക്തമാക്കുന്നതിനുള്ള ചെലവ് ഏറ്റെടുക്കും. വെള്ളപ്പൊക്കംമൂലം കൃഷി നശിയ്ക്കാതിരിക്കാൻ പമ്പുകളും ഡ്രെയിനേജ് കനാലുകളും ഉപയോഗിച്ച് വെള്ളം വറ്റിയ്ക്കുന്നതിനുള്ള ചെലവ് ഏറ്റെടുക്കും. ഏതെങ്കിലുംപ്രകൃതി ക്ഷോഭങ്ങൾ ഉണ്ടായാൽ കൃഷിയ്ക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ ലഘൂകരിയ്ക്കുന്നതിനും ഇല്ലാതാക്കുന്നതിനും ഉപകരിയ്ക്കുന്ന തരത്തിൽ വാടകയ്ക്കെടുത്തതോ നിലവിലുള്ളതോ ആയ യന്ത്രങ്ങളുടെ ഇന്ധനചെലവ്, വാടക തുടങ്ങിയവ ഈ ഫണ്ടിൽ നിന്നും വിനിയോഗിക്കും.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:** 397 | 10-07-2009-**ൽ മറുപടിക്ക്**

റാഗിംഗ് തടയാൻ നടപടി

| ചോദ്യം<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി:<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്: | ഉത്തരം<br>ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
|---|---|
| എ) റാഗിംഗ് പൂർണമായും തടയുന്നതിനായി യു.ജി.സി.യും സുപ്രീംകോടതിയും പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | എ) റാഗിംഗ് നടത്തുന്നവരെ സ്ഥാപനത്തിൽനിന്ന് പുറത്താക്കുമെന്ന കാര്യം പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തണമെന്ന സുപ്രീം കോടതിയുടെ നിർദ്ദേശം അനുസരിക്കാൻ യു.ജി.സി. എല്ലാ സർവകലാശാലകളേയും അറിയിച്ചിരുന്നു. സർവകലാശാലകളും കോളേജുകളും പൊതുജനങ്ങളുടെ അറിവിലേക്കായി സ്ഥാപനങ്ങളിൽ ഓരോ വർഷവും നടന്നിട്ടുള്ള സംഭവങ്ങളുടെ കണക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തേണ്ടതാണ്. അഡ്മിഷൻ പ്രോസ്പെക്ടസിൽ, റാഗിംഗ് അധികാരികളുടെ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ കുറ്റാരോപിതനായ വിദ്യാർത്ഥിയോട് വിശദീകരണം ആവശ്യപ്പെടുമെന്നും, വിശദീകരണം തൃപ്തികരമല്ലെങ്കിൽ സ്ഥാപനത്തിൽനിന്നും പുറത്താക്കുമെന്നും പ്രോസ്പെക്ടസിൽ സൂചിപ്പിക്കണമെന്ന് യു.ജി.സി. നിർദ്ദേശിച്ചിരുന്നു. സ്ഥാപനങ്ങളിൽ റാഗിംഗ് നിരോധിക്കാനും റാഗിംഗ് സംഭവങ്ങൾ ഉണ്ടാകാതിരിക്കാനായി ആന്റി റാഗിംഗ് സ്ക്വാഡുകൾ രൂപീകരിക്കുക എന്നിവയാണ് യു.ജി.സി.യുടെ നിർദ്ദേശങ്ങൾ.<br>സുപ്രീം കോടതിയുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്.<br>എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആന്റി റാഗിംഗ് സെല്ലുകളും ആന്റി റാഗിംഗ് സ്ക്വാഡുകളും രൂപീകരിക്കുക.<br>ജില്ലാതലത്തിൽ അപ്പലേറ്റ് ഫോറം ആയി ഒരു ആന്റി റാഗിംഗ് സെൽ രൂപീകരിക്കേണ്ടതാണ്.<br>സംസ്ഥാന തലത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്. ഈ കമ്മിറ്റി സംസ്ഥാനത്തുള്ള കേന്ദ്രഗവൺമെന്റ് നിയന്ത്രിത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് വിരുദ്ധപ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതുമാണ്.<br>യൂണിവേഴ്സിറ്റി തലത്തിൽ മോണിറ്ററിംഗ് |

| | |
|---|---|
| | കമ്മിറ്റി രൂപീകരിക്കുക.<br>സ്വകാര്യ ലോഡ്ജുകളും ഹോസ്റ്റലുകളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കോളേജ് ക്യാമ്പസുകളുടെ സമീപമുള്ള പ്രൈവറ്റ് ഹോസ്റ്റലുകൾ സമീപത്തുള്ള പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യേണ്ടതും ഇത്തരം സ്ഥാപനങ്ങൾ തുടങ്ങുന്നതിനായി ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപന അധികാരിയുടെ ശുപാർശയും ഉണ്ടായിരിക്കേണ്ടതാണ്. റാഗിംഗ് സംബന്ധമായ കേസുകൾ റിപ്പോർട്ട് ചെയ്യേണ്ടത് ഇത്തരം ഹോസ്റ്റൽ മാനേജ്മെന്റുകളുടെ ഉത്തരവാദിത്വമാണ്.<br>യു.ജി.സി.യുടെ സാമ്പത്തിക സഹായത്തോടെ ദേശീയ തലത്തിൽ ഒരു ടോൾ ഫ്രീ ഹെൽപ് ലൈൻ സ്ഥാപിക്കേണ്ടതാണ്. സ്ഥാപന മേധാവികൾ അതത് സ്ഥാപനത്തിന്റെ കീഴിൽ ജോലിചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, കാന്റീൻ ജീവനക്കാർ, കോൺട്രാക്ട് ജീവനക്കാർ തുടങ്ങിയ എല്ലാപേരിൽ നിന്നും റാഗിംഗ് സംബന്ധമായ കേസുകൾ തങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ അറിയിച്ചുകൊള്ളാമെന്ന് ഒരു സമ്മതപത്രം വാങ്ങിസൂക്ഷിക്കേണ്ടതാണ്.<br>ഹോസ്റ്റൽ വാർഡൻമാരെ എല്ലാ സമയവും ബന്ധപ്പെടുവാനുള്ള സൗകര്യം സജ്ജമാക്കുക.<br>സൂപ്രണ്ട് ഓഫ് പോലീസും സ്റ്റേഷൻ ഹൗസ് ഓഫീസറും തങ്ങളുടെ അധികാര പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ റാഗിംഗ് ഉണ്ടാകുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും അതോടൊപ്പം റാഗിംഗ് സംബന്ധമായ കേസുകൾ ഉണ്ടാവുകയാണെങ്കിൽ അടിയന്തര നടപടി സ്വീകരിക്കേണ്ടതുമാണ്.<br>പുതുതായി പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് പ്രവേശനം നേടുന്ന സമയത്ത് തന്നെ മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി പ്രൊഫഷണൽ കൗൺസിലേഴ്സിന്റെ സേവനം കോളേജ് അധികൃതർ ലഭ്യമാക്കേണ്ടതാണ്.<br>സീനിയർ സ്റ്റുഡൻസും പുതിയ വിദ്യാർത്ഥികളും ഒരുമിച്ച് ഇടപഴകുന്നതിനായി പ്രൊഫഷണൽ കൗൺസിലേഴ്സിന്റെ സഹായത്തോടെ പ്രത്യേക അവസരം ഉണ്ടാക്കേണ്ടതാണ്. |

| | |
|---|---|
| ബി) റാഗിംഗ് ക്രിമിനൽ കുറ്റമായി കണക്കാക്കി കടുത്ത ശിക്ഷ വ്യവസ്ഥ ചെയ്യുന്ന നിയമം നിലവിലുള്ള കേരളത്തിൽപോലും ഇത് പൂർണമായും തടയാനാകാത്ത സാഹചര്യം സർക്കാർ ശ്രദ്ധയിലുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കാമോ; | ബി) മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വളരെ അപൂർവമായേ റാഗിംഗ് കേസുകൾ റിപ്പോർട്ട് ചെയ്യാറുള്ളൂ. റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളിൽ കർശന നടപടി സ്വീകരിക്കാറുണ്ട്. അതോടൊപ്പം ഈയിടെ പുറപ്പെടുവിച്ച ബഹു.സുപ്രീംകോടതി വിധിന്യായത്തിൽ പറയുന്ന കാര്യങ്ങളിൽ അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എല്ലാ വൈസ് ചാൻസലർമാർക്കും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, ഐ.എച്ച്.ആർ.ഡി, എൽ.ബി.എസ്., കേരളാ സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ എന്നിവർക്കും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) റാഗിംഗ് നടക്കുന്ന സ്ഥാപനങ്ങളുടെ അംഗീകാരം റദ്ദാക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 398 — 10.7.2009 - ൽ മറുപടിയ്ക്ക്

## സുനാമി ദുരന്തത്തിൽ അനാഥരായ കുട്ടികളുടെ സംരക്ഷണത്തിനായി സ്കോളർഷിപ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. സദാശിവൻ,<br>ശ്രീ.കെ.വി. അബ്ദുൾഖാദർ,<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി,<br>ശ്രീ.എ.എം.ആരിഫ്,<br>ശ്രീ.എം.കെ. പുരുഷോത്തമൻ. | ശ്രീ. കെ.പി. രാജേന്ദ്രൻ,<br>(റവന്യൂ വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സുനാമി ദുരന്തത്തിൽ അനാഥരായ കുട്ടികളുടെ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | സുനാമി ദുരന്തത്തിൽ മാതാവിനെയോ പിതാവിനെയോ നഷ്ടപ്പെട്ട കുട്ടികളുടെ പേരിൽ 51,000/- രൂപ സ്ഥിരനിക്ഷേപമായി ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ തുകയിൽ നിന്നും പ്രതിമാസം 300/- രൂപ പലിശയിനത്തിൽ കുട്ടിക്ക് ലഭിക്കുന്നതാണ്. കൂടാതെ നിക്ഷേപത്തുക കുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ ലഭിക്കുന്നതാണ്. |
| (ബി) | എത്ര കുട്ടികളുടെ പേരിൽ സ്ഥിര നിക്ഷേപം നടത്തി ; | (ബി) | 58 |
| (സി) | തീരദേശത്തെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തുന്ന പദ്ധതി പ്രകാരം സ്വീകരിച്ച നടപടി വിശദമാക്കുമോ; | (സി) യും (ഡി) യും | സുനാമി ദുരന്തത്തിൽ ജീവനോ, ജീവനോപാധികളോ നഷ്ടപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾക്കായുള്ള സ്കോളർഷിപ്പ് പദ്ധതിയിൽ കുട്ടികളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും പ്രസ്തുത അപേക്ഷ പഞ്ചായത്ത്, റവന്യൂ, ഫിഷറീസ്, വിദ്യാഭ്യാസ വകുപ്പുകളിലെ പ്രതിനിധികൾ ഉൾപ്പെട്ട സമിതി സൂക്ഷ്മപരിശോധന നടത്തുകയും ചെയ്യുന്നു. ഈ ലിസ്റ്റ് ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിച്ച ശേഷം ജില്ലാകളക്ടർ മുഖേന സർക്കാരിലേയ്ക്ക് അയയ്ക്കുന്നു. ടി നടപടിക്രമം പാലിച്ച് തയ്യാറാക്കിയ ലിസ്റ്റ് അംഗീകാരത്തിനായി പ്രധാനമന്ത്രിയുടെ ഓഫീസിലേക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നു. ഈ പദ്ധതിയുടെ കീഴിൽ 2005-06, 2006-07, 2007-08, 2008-2009 എന്നീ അദ്ധ്യയന വർഷങ്ങളിലായി യഥാക്രമം 15610, 31797, 31546, 28899 കുട്ടികൾക്ക് വീതം സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. |
| (ഡി) | എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു എന്ന് അറിയിക്കുമോ ; | | |
| (ഇ) | ഈ സർക്കാർ അധികാരമേറ്റശേഷം ഏതെല്ലാം തീരദേശ ജില്ലകളിൽ സ്കോളർഷിപ്പ് പദ്ധതി വ്യാപിപ്പിച്ചു എന്ന് വ്യക്തമാക്കുമോ ? | (ഇ) | മലപ്പുറം, കണ്ണൂർ, കോഴിക്കോട്, |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 399 　　　　10/07/2009-ൽ മറുപടിക്ക്

# നൂറുക്കു നൂറു പദ്ധതി

**ചോദ്യം**

ശ്രീ. സി. എം. ദിനേശ് മണി :

ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. ബി. രാഘവൻ :

ശ്രീ. സാജു പോൾ :

**ഉത്തരം**

**ശ്രീ. എം. എ. ബേബി**

(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച നൂറുക്കു നൂറു പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്തെ നൂറ് പഞ്ചായത്തുകളിലെ 1300 സ്കൂളുകളിലെ പഠനം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടു നടന്ന ഗവേഷണപ്രവർത്തനങ്ങളാണ് നൂറുക്ക് നൂറ് പദ്ധതി. ഈ പദ്ധതി പ്രകാരം ആവിഷ് കരിച്ചു നടപ്പിലാക്കിയ പ്രവർത്തനങ്ങൾ താഴെ വിവരിക്കുന്നു.<br>1. ACE (Acquiring Competency in English)<br>2. Easy Maths<br>3. Little Scientists - സയൻസ് പഠനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനം<br>4. Meeti Hindi(മീട്ടി ഹിന്ദി)<br>5. നാടകക്കൂട്ടം<br>6. കുട്ടികളുടെ സിനിമ<br>7. Read the book, Lead the World<br>ഈ ഗവേഷണപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന സ്കൂളുകളും പഞ്ചായത്തുകളും അവരുടേതായ തനതു പരിപാടികളും ആവിഷ്കരിക്കുന്നുണ്ട്. |
| ബി) | ഈ പദ്ധതി ആരംഭിച്ചത് എന്നാണ് ; | ബി) | 2007-08 അദ്ധ്യയന വർഷത്തിൽ |
| സി) | ഇപ്പോൾ എത്ര സ്കൂളുകളിൽ പദ്ധതി നിലവിലുണ്ട് എന്ന് വെളിപ്പെടുത്തുമോ ; | സി) | ഒരു ജില്ലയിൽ നിന്നും ഏകദേശം 7-8 പഞ്ചായത്തുകളിലായി സംസ്ഥാനത്ത് ആകെ 100 പഞ്ചായത്തുകളിലെ 1300 സ്കൂളുകളിൽ ഈ പദ്ധതി നിലവിലുണ്ട്. |

→

| | | | |
|---|---|---|---|
| ഡി) | പദ്ധതി നടപ്പാക്കിയ സ്കൂളുകളിൽ ഇംഗ്ലീഷ്, ഹിന്ദി, ഗണിതം എന്നീ വിഷയങ്ങളിൽ കുട്ടികൾക്ക് മികവ് പുലർത്താൻ കഴിഞ്ഞിട്ടുണ്ടോ ; | ഡി) | ഉണ്ട്. |
| ഇ) | കുട്ടികൾ പിന്നോക്കം നിൽക്കുന്ന വിഷയങ്ങളിൽ പ്രത്യേക പരിശീലനം നൽകുന്ന പദ്ധതി കൂടുതൽ സ്കൂളുകളിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഇ) | സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 400</u>          <u>10/7/2009-ൽ മറുപടിക്ക്</u>

## <u>ഹരിത ഗ്രൂപ്പുകൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ . കോവൂർ കുഞ്ഞുമോൻ :**<br>**ശ്രീ. എ.എ. അസീസ് :** | **ശ്രീ. മുല്ലക്കര രത്നാകരൻ**<br>**(കൃഷി വകുപ്പു മന്ത്രി)** |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഊർജ്ജിത പച്ചക്കറികൃഷി പ്രകാരം എത്ര ഹരിത ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്; | (എ) | സംസ്ഥാനത്ത് ഊർജ്ജിത പച്ചക്കറി കൃഷി പ്രകാരം ഹരിത ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടില്ല. എന്നാൽ "ആയിരം ഗ്രാമങ്ങളിൽ ജൈവ പച്ചക്കറി വികസന പദ്ധതി" പ്രകാരം 2008-09 വർഷത്തിൽ സംസ്ഥാനത്തൊട്ടാകെ 600 ജൈവ ഗ്രൂപ്പുകൾ/ ഗ്രാമങ്ങൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | സംസ്ഥാനത്തെ പച്ചക്കറിയുൽപാദനം വർദ്ധിപ്പിക്കുവാനും അതുവഴി ന്യായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് പച്ചക്കറി ലഭ്യത ഉറപ്പു വരുത്താനുമായി 2008-09 വർഷത്തിൽ ആരംഭിച്ച "ആയിരം ഗ്രാമങ്ങളിൽ സമഗ്ര ജൈവ പച്ചക്കറി വികസന പദ്ധതി" പ്രകാരം 600 ഗ്രാമങ്ങളിൽ പച്ചക്കറികൃഷി നടത്തി. 2009-10 വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട 200 ഗ്രാമങ്ങളിൽ ജൈവ കൃഷിക്ക് പ്രാധാന്യം നൽകിക്കൊണ്ട് കൃഷി നടത്തുന്നതാണ്. ഇതിനായി 125 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് 10.000/- രൂപ നിരക്കിൽ ധനസഹായം നൽകുന്നതാണ്. ഇതു കൂടാതെ വീട്ടമ്മമാരുടെ പങ്കാളിത്തത്തോടെ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും വിദ്യാലയങ്ങളിലും മറ്റു സ്ഥാപനങ്ങളിലും പച്ചക്കറിത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും വിവിധയിനം പച്ചക്കറി വിത്തുകളടങ്ങിയ കിറ്റുകൾ കൃഷിഭവൻ മുഖേന വിതരണം ചെയ്യാനും ഉദ്ദേശിക്കുന്നു. |

ഇതിനു പുറമേ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ നെൽപാടങ്ങളിൽ മൂന്നാം വിളയായി പച്ചക്കറി കൃഷി നടത്തുന്നതിന് 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2009-2010 ൽ ഈ പദ്ധതികൾ മുഖേന 45 കോടി രൂപയുടെ 45,000 ടൺ അധിക പച്ചക്കറികൾ ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഈ പദ്ധതി പ്രകാരം സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

"ആയിരം ഗ്രാമങ്ങളിൽ ജൈവ പച്ചക്കറി വികസന പദ്ധതി" പ്രകാരം പച്ചക്കറി കൃഷി നടത്തുന്നതിന് ഹെക്ടറൊന്നിന് **10,000/-** രൂപ നിരക്കിൽ ധനസഹായം നൽകുന്നതാണ്. വിത്ത്, ജൈവവളം ജൈവ കീടനാശിനികൾ, പന്തൽ എന്നിവയ്ക്കാണ് ഈ സഹായം നൽകുന്നത്. കൂടാതെ ഈ പദ്ധതി പ്രകാരം പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് വി.എഫ്.പി.സി.കെ യുടെ ആഭിമുഖ്യത്തിൽ പരിശീലന പരിപാടികൾ , സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു.

സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഭക്ഷ്യസുരക്ഷ പദ്ധതിയിൽ നെൽപാടങ്ങളിൽ മൂന്നാം വിളയായി പച്ചക്കറികൃഷി നടത്തുന്നതിന് 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് പ്രകാരം 1000 ഹെക്ടറോളം നെൽപ്പാടങ്ങളിൽ മൂന്നാം വിളയായി പച്ചക്കറി കൃഷി ചെയ്യുന്നതാണ് . നെൽ കൃഷിക്കാർക്ക് കൂടുതൽ ആദായവും തൊഴിൽ അവസരങ്ങളും ലഭ്യമാക്കുക എന്നതാണ് ഇതുവഴി ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 401      10/07/2009-ൽ മറുപടിക്ക്

## ഹൈസ്കൂളുകളിൽ ഐ.ടി. പ്രൊഫഷണലുകളെ നിയമിക്കാൻ നടപടി

**ചോദ്യം**

ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ.ബാബു. എം. പാലിശ്ശേരി :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. എം. എം. മോനായി:
ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ :

**ഉത്തരം**

ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ഹൈസ്കൂളുകളിൽ ഐ.ടി. നിർബന്ധിത വിഷയമാക്കിയെങ്കിലും അത് പഠിപ്പിക്കുന്നതിന് യോഗ്യരായ അദ്ധ്യാപകരെ നിയമിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ഇല്ല. നിലവിലുള്ള ഹൈസ്കൂൾ അധ്യാപകർക്ക് ഐടി @ സ്കൂൾ പ്രോജക്ട് നിരന്തരമായ ഐ.ടി. പരിശീലനം നൽകുന്നുണ്ട്. ഈ വിധത്തിൽ പ്രാപ്തരായ അധ്യാപകരാണ് ഐ.ടി. പഠിപ്പിക്കുന്നത്. ഐ.ടി.യുടെ സഹായത്തോടെയുള്ള പഠനം അതുവഴി ഐ.ടി.യെ കുറിച്ചും പഠിക്കുക എന്നതാണ് സ്കൂൾ ഘട്ടത്തിൽ വിഭാവനം ചെയ്യുന്നത്. ആയതിനാൽ പരിശീലനം ലഭിച്ച അധ്യാപകർ ഐ.ടി. വിഷയം പഠിപ്പിക്കുന്നതിന് യോഗ്യരാണ്. |
| ബി) | ഐ.ടി.യിൽ നിലവാരമുള്ള അദ്ധ്യയനം സാധ്യമാക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ; | ബി) | നിർദ്ദേശിച്ചിട്ടുണ്ട്. ഈ വിധി ന്യായത്തിനെതിരെ ഫയൽ ചെയ്ത അപ്പീലിൽ പ്രസ്തുത ഉത്തരവ് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. |
| സി) | ഐ.ടി. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം യോഗ്യരായ ഐ.ടി. പ്രൊഫഷണലുകളെ അദ്ധ്യാപകരായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | സി) | സ്കൂളുകൾക്ക് ഐ.ടി. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഐ.ടി. @ സ്കൂൾ പ്രോജക്ട് നടത്തി വരികയാണ്. എല്ലാ വിഷയങ്ങളുടെയും പഠനബോധന പ്രക്രിയകൾക്ക് സഹായകമാകുംവിധം |

| | | | |
|---|---|---|---|
| | | | ഐ.ടി. ഒരു പഠനസഹായിയായി ഉപയോഗിക്കുക എന്നതാണ് സമീപനം. മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന പൊതുസമൂഹത്തിൽ വിദ്യാർത്ഥികൾക്ക് നൂതന സാങ്കേതികവിദ്യകളുടെ ഉപയോഗം ലഭ്യമാക്കുന്നതിനും പ്രയോഗിക്കുന്നതിനുമുള്ള അടിത്തറ ഉണ്ടാക്കുന്നതിനുമാണ് വിദ്യാർത്ഥികൾക്ക് ഐടി പഠനവും ഐടി അധിഷ്ഠിതപഠനവും ലഭ്യമാക്കുന്നത്. അതിനാൽ ഇക്കാര്യത്തിന് ഐടി പ്രൊഫഷണലുകളെ ഹൈസ്കൂളുകളിൽ അധ്യാപകരായി നിയമിക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 402** — **10.7.2009 - ൽ മറുപടിയ്ക്ക്**

## സുനാമി ദുരിതാശ്വാസത്തിന് ലഭിച്ച തുക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ,<br>ശ്രീ.എം.എ. വാഹിദ്. | ശ്രീ. കെ.പി. രാജേന്ദ്രൻ,<br>(റവന്യൂ വകുപ്പ് മന്ത്രി) |

....

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സുനാമി ദുരിതാശ്വാസത്തിന് ആകെ എത്ര തുക കിട്ടി ; | (എ) | സുനാമി ദുരിതാശ്വാസത്തിന് ആകെ 1067.37 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) | എവിടെ നിന്നെല്ലാം എത്ര രൂപാ വീതമാണ് കിട്ടിയതെന്ന് അറിയിക്കുമോ ; | (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സുനാമി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് 37,50,41,404 രൂപയും രാജീവ്ഗാന്ധി റീഹാബിലിറ്റേഷൻ പാക്കേജ് 100 കോടി രൂപയും, അധിക കേന്ദ്രസഹായമായി (സുനാമി പുനരധിവാസ പദ്ധതി) 823.30 കോടി രൂപയും, എ.ഡി.ബി. ധനസഹായമായി (സുനാമി അടിയന്തിര സഹായ പദ്ധതി) 175 കോടി രൂപയും, പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നും 69.07 കോടി രൂപയും ലഭിച്ചിട്ടുണ്ട്. |
| (സി) | ഈയിനത്തിൽ ലഭിച്ച തുകയിൽ ഇനി എത്ര രൂപ ബാക്കിയുണ്ട് ; | (സി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ 4,26,76,588 രൂപ ബാക്കിയുണ്ട്. സുനാമി പുനരധിവാസ പദ്ധതിയിൽ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് വിവിധ വകുപ്പുകൾക്ക് നൽകുന്നതിനായി 304 കോടി രൂപയും, പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നും ലഭിച്ച തുകയിൽ 8.91 കോടി രൂപയും ബാക്കിയുണ്ട്. 8.91 കോടി രൂപ വരുംവർഷം ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുവാനുള്ളതാണ്. സുനാമി പുനരധിവാസ പദ്ധതിയിൽ വിവിധ വകുപ്പുകൾ പ്രവൃത്തികൾ പൂർത്തിയാക്കിവരുന്നു. |
| (ഡി) | ഇത് ചിലവഴിക്കാനുള്ള കാലതാമസ-ത്തിന് കാരണമെന്ത് ? | (ഡി) | സുനാമി പുനരധിവാസ പദ്ധതിയുടെ കീഴിൽ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കുന്നതിലുള്ള സാങ്കേതിക ബുദ്ധിമുട്ടുകളും, ഭവന നിർമ്മാണത്തിനായി സ്ഥലമേറ്റെടുക്കുന്നതിലുണ്ടായ കാലതാമസവും തുക ചെലവഴിക്കുന്നതിനുള്ള കാലതാമസത്തിന് കാരണമായിട്ടുണ്ട്. |

(............2......)

സുനാമി പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നത് വിവിധ വകുപ്പുകൾ മുഖേനയാണ്. അനുവദിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്കാണ് കൂടുതൽ തുക അനുവദിക്കുന്നത്. പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയുടെ കീഴിലുള്ള ഹെൽത്ത് ഇൻഷ്വറൻസ് സ്കീമിനായി രണ്ടാം വർഷം അനുവദിക്കേണ്ട പ്രീമിയം തുക സ്കീമിന്റെ പുരോഗതി വിലയിരുത്തിയ ശേഷം മാത്രമെ അനുവദിക്കാൻ സാധിക്കുകയുള്ളൂ. ഈ തുക ഉടൻ തന്നെ ജില്ലാ കളക്ടർമാർ മുഖേന ഇൻഷ്വറൻസ് കമ്പനിക്ക് നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 403 10.07.2009 ൽ മറുപടിക്ക്.

## പൈതൃക സ്കൂളുകളെ ശക്തിപ്പെടുത്തുന്നതിനായി പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അൽഫോൺസ് കണ്ണന്താനം | ശ്രീ.എം.എ.ബേബി |
| " കെ.വി അബ്ദുൾ ഖാദർ | (വിദ്യാഭ്യാസവും സാംസ്കാരികകാര്യവും |
| " കെ. കെ.ദിവാകരൻ | വകുപ്പുമന്ത്രി) |
| " കെ.കുഞ്ഞമ്മത് മാസ്റ്റർ | |
| " എം.പ്രകാശൻ മാസ്റ്റർ | |

---

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) പൈതൃക സ്കൂളുകളെ ശക്തിപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ ; | (എ) പൈതൃക സ്കൂളുകളായി കണക്കാക്കിയിട്ടുള്ള സ്കൂളുകളുടെ സാമൂഹികവും സാംസ്കാരികവുമായ പ്രാധാന്യം നഷ്ടപ്പെടാതെ പ്രസ്തുത സ്കൂളുകളുടെ പൈതൃക സ്വഭാവം സംരക്ഷിക്കുകയും, സ്കൂൾ കെട്ടിടങ്ങൾ അതേപടി നിലനിർത്തികൊണ്ട് വികസിപ്പിച്ച് സംരക്ഷിക്കുകയുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) പൈതൃക സ്കൂളുകളായി പരിഗണിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ ; എത്ര സ്കൂളുകളെ ഈ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ; | (ബി) 50 വർഷത്തിലധികം പഴക്കമുള്ള 3000 നു മേൽ കുട്ടികൾ പഠിക്കുന്ന ഗവ.ഹൈസ്കൂളുകളേയും, 2000 നു മേൽ കുട്ടികൾ പഠിക്കുന്ന ഗവ.പ്രൈമറി സ്കൂളുകളേയുമാണ് |

പൈതൃക സ്കൂളുകളായി കണക്കാക്കുന്നത്. 58 സ്കൂളുകളെ ഈ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ സ്കൂളുകളുടെ കെട്ടിടങ്ങൾ അതേപടി നിലനിർത്തി സംരക്ഷിക്കാനാണോ ഉദ്ദേശിക്കുന്നത് ;

(സി) അതെ

(ഡി) ഈ സ്കൂളുകൾക്ക് നൽകുന്ന പ്രത്യേക സഹായം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

(ഡി) വിദ്യാലയങ്ങളിലെ പഴമയുടെ പാരമ്പര്യം ഉയർത്തിപ്പിടിക്കുന്ന കെട്ടിടങ്ങൾ അതേപടി നിലനിർത്തുവാനും, ഇതുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായി 2009-10 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 30 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. 2008-09 ൽ 25 ലക്ഷം രൂപ കോഴിക്കോട് ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് അനുവദിച്ചു നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 404 10.07.2009 ൽ മറുപടിക്ക്**

## ന്യൂനപക്ഷ വിഭാഗ വിദ്യാർത്ഥികൾക്കായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ സ്കോളർഷിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.യൂസഫ്<br>ശ്രീ.പി.ജയരാജൻ<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.രാജു എബ്രഹാം | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പു മന്ത്രി) |
| എ) ന്യൂനപക്ഷ വിഭാഗ വിദ്യാർത്ഥികൾക്കായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ സ്കോളർഷിപ്പ് പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ; | എ) ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി കേന്ദ്ര സർക്കാർ പ്രീ മെട്രിക്, പോസ്റ്റ്മെട്രിക്, മെരിറ്റ് കം മീൻസ് എന്നിങ്ങനെ മൂന്ന് തരം സ്കോളർഷിപ്പ് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇവയിൽ പ്രീ മെട്രിക് സ്കോളർഷിപ്പ് പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേനയും പോസ്റ്റ്മെട്രിക്, മെരിറ്റ് കം മീൻസ് എന്നീ സ്കോളർഷിപ്പ് പദ്ധതികൾ കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേനയുമാണ് കേരളത്തിൽ നടപ്പാക്കുന്നത്. പ്രീ മെട്രിക് സ്കോളർഷിപ്പ് പദ്ധതി ഒന്നുമുതൽ പത്താംതരം വരെയുള്ള വിദ്യാർത്ഥികളെയും പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി പതിനൊന്നാം ക്ലാസുമുതലുള്ള (മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് സ്കീമിൽ പെടാത്ത കോഴ്സുകളിലെ) വിദ്യാർത്ഥികളെയും മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് പദ്ധതി പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകളിൽ പഠിക്കുന്ന അണ്ടർ ഗ്രാജുവേറ്റ്/പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥികളെയും ഉദ്ദേശിച്ചുള്ളതാണ്. മുൻവർഷത്തെ അവസാന പൊതു പരീക്ഷയിൽ 50% കുറയാതെ മാർക്ക് വാങ്ങിയ മുസ്ലീം/ക്രിസ്ത്യൻ ന്യൂനപക്ഷ വിഭാഗങ്ങളിൽപെട്ട വിദ്യാർത്ഥികൾക്ക് രക്ഷിതാവിന്റെ വാർഷിക കുടുംബവരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കാൻ യോഗ്യതയുണ്ട്. |

| | | | |
|---|---|---|---|
| ബി) | നിലവിലുളള പദ്ധതി പ്രകാരം സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ആനുകൂല്യം വളരെ പരിമിതമായിരിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) | ഉണ്ട്. |
| സി) | ഇതു പരിഹരിക്കുന്നതിന് ആവശ്യമായ പദ്ധതി സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | സി) | സമർപ്പിച്ചിട്ടില്ല. |
| ഡി) | സംസ്ഥാനം സമർപ്പിച്ച പദ്ധതി അംഗീകരിച്ചുകിട്ടാൻ ആവശ്യമായ സമ്മർദ്ദം ചെലുത്തുമോ ? | ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 405 — 10/07/2009 -ൽ മറുപടിയ്ക്ക്

### ജാതി/വരുമാന സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭ്യമാക്കാൻ നടപടി

**ചോദ്യം**

ശ്രീ.തോമസ് ചാഴികാടൻ
ശ്രീ.ജോസഫ് എം.പുതുശ്ശേരി
ശ്രീ.റോഷി അഗസ്റ്റിൻ

**ഉത്തരം**

ശ്രീ.കെ.പി.രാജേന്ദ്രൻ
(റവന്യൂ വകുപ്പ് മന്ത്രി)

......

(എ) താലൂക്ക്, വില്ലേജ് ഓഫീസുകളിൽ വിദ്യാഭ്യാസം, ജോലി എന്നീ ആവശ്യങ്ങൾക്ക് ഹാജരാക്കുവാനുള്ള ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ യഥാസമയം അപേക്ഷകർക്ക് നൽകുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം പിന്നോക്ക, ദളിത് വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ കർശനവും സത്വരവുമായ നടപടി സ്വീകരിക്കുമോ ?

(എ) & (ബി) അർഹരായവർക്ക് ഹാജരാക്കുന്ന രേഖകളുടെയും പ്രാദേശികാന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ജാതി സർട്ടിഫിക്കറ്റ്, വരുമാനസർട്ടിഫിക്കറ്റ് തുടങ്ങിയ എല്ലാവിധ സർട്ടിഫിക്കറ്റുകൾക്കു വേണ്ടിയും വില്ലേജ്/താലൂക്ക് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ ഒരാഴ്ചയ്ക്കുള്ളിൽ തീരുമാനം എടുക്കുകയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യേണ്ടതുമാണെന്നും 12/06/1996 - ലെ ജി.ഒ.(എം.എസ്) 300/96/ആർ.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 23/05/2002 - ലെ സർക്കുലർ നമ്പർ 24298/ടി2/02/ആർഡി പ്രകാരം ജാതിസർട്ടിഫിക്കറ്റിനായുള്ള അപേക്ഷകളിൻമേൽ മൂന്നു ദിവസത്തിനുള്ളിൽ നടപടികൾ സ്വീകരിച്ചു സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നതിന് ജനങ്ങൾക്ക് നിലവിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി വില്ലേജ്/താലൂക്ക്/ആർഡിഒ

ഓഫീസുകളിൽ നിന്ന് നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് സാധുതാ കാലയളവ് നിശ്ചയിച്ചും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം പുനഃക്രമീകരിച്ചും 27/04/07 ലെ ജി.ഒ.(എം.എസ്) 136/07/ആർഡി പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ജാതി സർട്ടിഫിക്കറ്റുകൾക്ക് 10 വർഷ സാധുതാ കാലയളവ് നിശ്ചയിച്ചത് ദുരുപയോഗപ്പെടുത്തുന്നതായി സർക്കാരിന് വിവിധ സംഘടനകളിൽ നിന്നും നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. ഇക്കാര്യം സർക്കാർ പരിശോധിക്കുകയും ജാതിസർട്ടിഫിക്കറ്റിന് 10 വർഷ സാധുതാ കാലയളവ് ഉണ്ടായിരിക്കുന്നതല്ല എന്നും നേരത്തെ നിലവിലുള്ള പോലെ പ്രത്യേകാവശ്യത്തിനു വേണ്ടി മാത്രം നൽകുന്നതാണെന്നും 23/09/08-ലെ ജി.ഒ.(എം.എസ്) 318/08/ആർഡി പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ 27/04/07 - ലെ ജി.ഒ.(എം.എസ്) 136/07/ആർ.ഡി പ്രകാരം 36000/- രൂപ വരെയുള്ള വരുമാന സർട്ടിഫിക്കറ്റിന് ഒരു വർഷം സാധുതാ കാലയളവും നിശ്ചയിച്ചിട്ടുണ്ട്. ഇതുമൂലം സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കുറഞ്ഞിട്ടുണ്ട്. പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർക്ക് ജാതിസർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഉണ്ടായിരുന്ന ബുദ്ധിമുട്ടുകൾ സർക്കാർ ഉത്തരവ് (എം.എസ്) 109/08/പജപവവിവ തീയതി 20/11/08 പ്രകാരം പരിഹരിച്ചിട്ടുണ്ട്.'

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 408. 10-07-2009 - ൽ മറുപടിക്ക്

### പുതിയ സ്കൂളുകൾ അനുവദിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ:<br>ശ്രീ. എൻ. അനിരുദ്ധൻ:<br>ശ്രീ. എ. കെ. ചന്ദ്രൻ:<br>ശ്രീ. രാജാജി മാത്യു തോമസ്: | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) കേരളത്തിൽ പുതുതായി സർക്കാർ - എയ്ഡഡ് മേഖലയിൽ സ്കൂളുകൾ അനുവദിക്കുന്നതിനോ, ഉള്ളവ അപ്ഗ്രേഡ് ചെയ്യുന്നതിനോ നിരോധനം നിലവിലുണ്ടോ, എങ്കിൽ അതുമൂലം പലസ്ഥലങ്ങളിലും ബഹുജനങ്ങൾ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) നിരോധനം നിലവിൽ ഇല്ല. |
| (ബി) ഈ ദുഃസ്ഥിതി അനംഗീകൃത സ്കൂളുകൾ വർദ്ധിക്കുന്നതിന് ഇടയാക്കിയിട്ടുള്ളത് അറിയാമോ; | (ബി) ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (സി) പൊതുവിദ്യാഭ്യാസ മേഖലയിൽ പുതിയ സ്കൂളുകൾ ആവശ്യമായ പ്രദേശങ്ങളിൽ സർക്കാർ എയ്ഡഡ് മേഖലയിൽ അവ അനുവദിക്കുന്നതിന് അനുവാദം നൽകുമോ? | (സി) 13-06-07 ലെ സ.ഉ.(പി) നമ്പർ 107/07/പൊ.വി.വ. പ്രകാരം സംസ്ഥാനത്തെ സുനാമി ബാധിതപ്രദേശങ്ങളിലും ഹൈസ്കൂളുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിലും ഒഴികെ സാധാരണഗതിയിൽ സർക്കാർ - എയ്ഡഡ് മേഖലകളിൽ പുതിയ സ്കൂളുകൾ അനുവദിക്കുന്നതിനും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതിനും അനുവാദം നൽകേണ്ടതില്ല എന്നതാണ് സർക്കാരിന്റെ ഇപ്പോഴത്തെ നയപരമായ തീരുമാനം. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 407

10-7-2009 ൽ മറുപടിക്ക്

## ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി. ശശികുമാർ :<br>ശ്രീ. കെ.ടി. ജലീൽ :<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ:<br>പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. വി.എൻ. വാസവൻ : | | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) | അന്യസംസ്ഥാനങ്ങളിലെ ഓപ്പൺ യൂണിവേഴ്സിറ്റികളിൽ നിന്നും ബിരുദവും ബിരുദാനന്തര ബിരുദവും നേടുന്ന കേരളീയരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഏതെല്ലാം ഓപ്പൺ സർവ്വകലാശാലകളുടെ ഏതെല്ലാം കോഴ്സുകൾ സംസ്ഥാന യൂണിവേഴ്സിറ്റികൾ അംഗീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഇതിനായി സ്വികരിച്ചിട്ടുളള മാനദണ്ഡം എന്താണ് ; | (ബി) | സംസ്ഥാനത്തെ സർവ്വകലാശാലകൾ അംഗീകരിച്ച ഓപ്പൺ സർവ്വകലാശാലകളുടെ കോഴ്സുകളും ഇതിനായി സ്വീകരിച്ച മാനദണ്ഡങ്ങളും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>**കേരള സർവ്വകലാശാല**<br><br>IGNOU (ഇഗ്നോ) നടത്തുന്ന കോഴ്സുകൾക്ക് മാത്രമേ അംഗീകാരം നൽകിയിട്ടുളളൂ. ലിബറലൈസ്ഡ് സ്കീമിൽ നടത്തുന്ന ഓപ്പൺ ഡിഗ്രികൾ ഒന്നും തന്നെ സർവ്വകലാശാല അംഗീകരിച്ചിട്ടില്ല. 10+2+3 പാറ്റേൺ മാത്രമേ കേരള സർവ്വകലാശാലയിൽ അംഗീകാരം അനുവദിച്ചിട്ടുളളൂ.<br><br>**മഹാത്മാഗാന്ധി സർവ്വകലാശാല**<br><br>നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ്, ന്യൂഡൽഹിയുടെ സെക്കന്ററി സ്കൂൾ സർട്ടിഫിക്കറ്റ് പ്രീ ഡിഗ്രിക്ക് തുല്യമായി |

അംഗീകരിച്ചിട്ടുണ്ട്.

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി, ന്യൂഡൽഹിയുടെ ബി.എ (ഹിസ്റ്ററി, സോഷ്യോളജി, പബ്ലിക് അഡ്മിനിസ്ട്രേഷൻ, ഇക്കണോമിക്സ്, ഇംഗ്ലീഷ്, പൊളിറ്റിക്സ്), ബി.കോം, ബി.എസ്സ്.സി (കെമിസ്ട്രി), ബി.എഡ് (Recognised for employment purpose only) ബി.എൽ.ഐ.എസ്സി, എം.എൽ.ഐ.എസ്സി, എം.സി.എ., ബി.സി.എ., എം.ബി.എ, ബാച്ചിലർ ഓഫ് ഇൻഫർമേഷൻ ടെക്നോളജി എന്നീ കോഴ്സുകൾ അംഗീകരിച്ചിട്ടുണ്ട്.

ഓരോ കോഴ്സിന്റെയും അംഗീകാരത്തിനായിട്ട് അതാത് കോഴ്സുകളുടെ സ്കീം/ സിലബസ് ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസിന്റെയും ഫാക്കൽറ്റി ഡീനിന്റെയും വിദഗ്ദാഭിപ്രായ ത്തിന്റെ വെളിച്ചത്തിൽ സർവ്വകലാശാലയുടെ അക്കാഡമിക് കൗൺസിൽ തീരുമാനമെടുക്കുന്നു.

<u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല</u>

സംസ്കൃത സർവ്വകലാശാലയിൽ വിദൂര പഠന വിഭാഗമോ ഓപ്പൺ യൂണിവേഴ്സിറ്റി വിഭാഗമോ ഇല്ല. സാധാരണ രീതിയിൽ യു.ജി.സി അംഗീകരിച്ച കോഴ്സുകളും, അസോസിയേഷൻ ഓഫ് ഇൻഡ്യൻ യൂണിവേഴ്സിറ്റീസ് (AIU) അംഗീകരിച്ച കോഴ്സുകളും അംഗീകരിക്കാറുണ്ട്. സംസ്കൃത യൂണിവേഴ്സിറ്റി പുതുതായി രൂപീകരിച്ച യൂണിവേഴ്സിറ്റി ആയതുകൊണ്ട് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി അംഗീകരിച്ച കോഴ്സുകൾ ഇവിടെയും അംഗീകരിക്കുക എന്ന രീതി പിന്തുടരുന്നുണ്ട്. സംസ്കൃത സർവ്വകലാശാല നടത്തുന്ന കോഴ്സുകൾക്ക് തത്തുല്യമാണോ എന്ന് പരിശോധിക്കാൻ ഒരു ഇക്വലൻസ് കമ്മിറ്റി നിലവിലുണ്ട്.

<u>കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല</u>

കേന്ദ്ര സർക്കാരിന്റെയോ, ഏതെങ്കിലും സംസ്ഥാന സർക്കാരുകളുടെയോ നിയമ പ്രകാരം സ്ഥാപിതമായതും, യു.ജി.സി. ഡിസ്റ്റൻസ് എഡ്യുക്കേഷൻ കൗൺസിൽ എന്നിവയുടെ അംഗീകാരമുള്ള ഓപ്പൺ യൂണിവേഴ്സിറ്റികളാൽ നൽകപ്പെടുന്നതും, യു.ജി.സി. ആക്ടിന്റെ സെക്ഷൻ 22 പ്രകാരം യു.ജി.സിയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ എല്ലാ

ബിരുദങ്ങളും ഡിപ്ലോമകളും മറ്റ് കോഴ്സുകളും സർവ്വകലാശാല അംഗീകരിച്ചിട്ടുണ്ട്. അംഗീകരിച്ചിട്ടുണ്ട്. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ബി.എഡ്, ബി.എൽ.ഐ.എസ്സി, എം.ബി.എ, ബി.കോം കോഴ്സുകളും അംഗീകരിച്ചിട്ടുണ്ട്.

ബന്ധപ്പെട്ട യൂണിവേഴ്സിറ്റികൾ നടത്തുന്ന കോഴ്സുകളുടെ സ്കീം സിലബസ്, റൂൾസ്, റഗുലേഷൻസ് എന്നിവ ബന്ധപ്പെട്ട അക്കാഡമിക് സമിതികൾ പരിശോധിച്ചതിനു ശേഷമാണ് അംഗീകാരം നൽകണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത്.

<u>കണ്ണൂർ സർവ്വകലാശാല</u>

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി (ഇഗ്നോ), ന്യൂഡൽഹി നൽകുന്ന ഓപ്പൺ യൂണിവേഴ്സിറ്റി ഡിഗ്രികൾ മാത്രമേ അംഗീകരിച്ചിട്ടുള്ളൂ.

യു.ജി.സി. പോലുള്ള ഉന്നത സമിതികളുടെ അംഗീകാരവും ഈ സർവ്വകലാശാലയിലെ അക്കാഡമിക് സമിതികളുടെ തീരുമാനവുമാണ് അവ അംഗീകരിക്കാൻ സ്വീകരിച്ച മാനദണ്ഡം.

(സി) **കേരളത്തിൽ ഒരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയ സമിതി സർക്കാരിന് റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയുടെ ശുപാർശകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?**

(സി) ഇക്കാര്യത്തിലുള്ള സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല.

Sherly. P

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമ സഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 408 — 10/7/2009-ൽ മറുപടിക്ക്

## കരിമ്പു കൃഷി വികസനം

| ചോദ്യം<br>ശ്രീ . കെ. ശിവദാസൻ നായർ | | മറുപടി<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്ത് കരിമ്പു കൃഷി വികസനത്തിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) | കരിമ്പു കൃഷി വികസനത്തിനുള്ള പ്രത്യേക കേന്ദ്ര പദ്ധതിയിൽ ധനസഹായം ലഭ്യമായിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) | കരിമ്പ് കൃഷി വികസന പദ്ധതികൾ ഊർജ്ജിതപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? | (സി) പരിഗണനയിൽ ഇപ്പോൾ ഇല്ല. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 409 10-07-2009- ൽ മറുപടിയ്ക്ക്

**സംയോജിത കീട പ്രതിരോധ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബാബു.എം.പാലിശ്ശേരി :<br>ശ്രീ.കെ.സി.രാജഗോപാലൻ :<br>ശ്രീ.ബി.ഡി.ദേവസ്സി :<br>ശ്രീ.കെ.കെ.ജയചന്ദ്രൻ : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷിക വിളകളുടെ കീടബാധ തടയുന്നതിന് ആവിഷ്കരിച്ച സംയോജിത കീടപ്രതിരോധ പദ്ധതി കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) സംയോജിത കീടപ്രതിരോധ പദ്ധതി പ്രകാരം 2008-09 സാമ്പത്തികവർഷം 50 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി. നെൽപ്പാടങ്ങളിൽ സ്ഥാപിച്ചിരുന്ന വിളക്കുകെണികൾ പ്രവർത്തനക്ഷമമാക്കുക, പുതിയ സൗരോർജ്ജകെണികൾ സ്ഥാപിക്കുക, പെട്ടെന്നുണ്ടാകുന്ന രോഗകീടബാധകളെ നേരിടുന്നതിനായി ദ്രുതകർമ്മസേന രൂപീകരിക്കുക, എലി നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുക, മൊബൈൽ അഗ്രോ ക്ലിനിക്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക, കേരള സെൻറർ ഫോർ പെസ്റ്റ് മാനേജ്മെൻറ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങിയ നടപടികളാണ് പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുള്ളത്. |
| ബി) കീടരോഗം തടയുന്നതിന് കർഷകരെ പരിശീലിപ്പിക്കുന്നതിനും മാർഗ്ഗ നിർദ്ദേശം നൽകുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | ബി) കൃഷിഭവനുകളുടെ മേൽനോട്ടത്തിലുള്ള അഗ്രോക്ലിനിക്കുകൾ വഴിയും മങ്കൊമ്പിലും പാലക്കാടുമുള്ള കേരള സെൻറർ ഫോർ പെസ്റ്റ് മാനേജ്മെൻറ് സ്ഥാപനങ്ങൾ, കേരള സ്റ്റേറ്റ് സീഡ് ഡവലപ്മെൻറ് അതോറിറ്റി, സ്റ്റേറ്റ് |

ബയോ കൺട്രോൾ ലാബ്, മണ്ണുത്തി, വിവിധ ജില്ലകളിലുള്ള പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ തുടങ്ങിയ സ്ഥാപനങ്ങൾ വഴിയും കർഷകർക്ക് കീടരോഗം തടയുന്നതിനാവശ്യമായ പരിശീലനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകി വരുന്നു.

| | | | |
|---|---|---|---|
| സി) | മൊബൈൽ അഗ്രോ ക്ലിനിക്കുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | സി) | നിലവിൽ 12 ജില്ലകളിലാണ് മൊബൈൽ അഗ്രോക്ലിനിക്കുകൾ പ്രവർത്തനത്തിലുള്ളത്. ഇവ കൂടുതൽ കാര്യക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ അഗ്രോക്ലിനിക്കുകൾ ഇല്ലാത്ത ജില്ലകളായ മലപ്പുറത്തും, പത്തനംതിട്ടയിലും അഗ്രോക്ലിനിക്കുകൾ തുടങ്ങുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. |
| ഡി) | കീടരോഗപ്രതിരോധം സംബന്ധിച്ച് വിവരിക്കുന്ന ലഘുരേഖകൾ കർഷകർക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ? | ഡി) | കൃഷി വകുപ്പിന്റെ വിവിധ സ്ഥാപനങ്ങളായ ഫാം ഇൻഫർമേഷൻ ബ്യൂറോ, കേരള സ്റ്റേറ്റ് സെൻറർ ഫോർ പെസ്റ്റ് മാനേജ്മെൻറ് തുടങ്ങിയ സ്ഥാപനങ്ങൾ വഴിയും, കൃഷിഭവന്റെ നേതൃത്വത്തിലുള്ള അഗ്രോക്ലിനിക്കുകൾ വഴിയും കർഷകർക്ക് കീടരോഗനിയന്ത്രണം സംബന്ധിച്ച ലഘുരേഖകൾ വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 410 | 10.07.2009-ൽ മറുപടിക്ക്

## കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പ്രദീപ്കുമാർ<br>ശ്രീ. സാജു പോൾ<br>ശ്രീമതി. പി.അയിഷാപോറ്റി<br>ശ്രീ.എം..ഹംസ<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ | ശ്രീ.എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പ് മന്ത്രി ) |
| (എ) ഗ്രന്ഥശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ വിശദീകരിക്കുമോ ; | (എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിലുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് 4 തലങ്ങളിലായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഗ്രന്ഥശാലകളുടെ വാർഷിക ഗ്രാന്റ് വർദ്ധിപ്പിച്ചതോടെ ഗ്രന്ഥശാലകളുടെ പ്രവർത്തനത്തെ ഒരു പരിധി വരെ സുഗമമാക്കാൻ കഴിഞ്ഞിട്ടുണ്ട്. താലൂക്ക് ലൈബ്രറി കൗൺസിലുകളുടെ നേതൃത്വത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയ്ക്കുള്ളിലുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രദേശത്തെ എല്ലാ ജനങ്ങൾക്കും പ്രയോജനപ്പെടത്തുന്നതിനും നേതൃസമിതികൾ രൂപീകരിച്ചിട്ടുണ്ട്.<br>ജില്ലാ ലൈബ്രറി കൗൺസിലുകൾ തയ്യാറാക്കുന്ന വികസന പ്രോജക്ക്റ്റുകൾ വഴി ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ച് വിപുലമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഓരോ വർഷവും 2.50 കോടി രൂപയോളം ഇത്തരത്തിൽ സംസ്ഥാനത്ത് വിനിയോഗിക്കപ്പെടുന്നു. ലൈബ്രറികളുടെ കമ്പ്യൂട്ടറൈസേഷൻ, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ ഉൾപ്പെടെ ഗ്രന്ഥശാലാ പ്രവർത്തനത്തെ നവീകരിക്കാൻ ഇതിലൂടെ കഴിയുന്നുണ്ട്. |

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നേരിട്ട് 2009-2010 വർഷത്തേയ്ക്ക് 7 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഗ്രന്ഥശാലാ രംഗത്ത് നടപ്പിലാക്കുന്നത്. 864 ഗ്രന്ഥശാലകളിൽ കുട്ടികളുടെ വിഭാഗമായ ബാലവേദി പ്രവർത്തിക്കുന്നു. 761 ഗ്രന്ഥശാലകളിൽ സംസ്ഥാനത്തെ സ്കൂൾ പാഠ്യപദ്ധതിയുമായി ബന്ധപ്പെടുത്തി സ്റ്റുഡന്റ്സ് കോർണർ പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകളുടെ വായനാഭിരുചി കണക്കിലെടുത്ത് വനിതാ ലൈബ്രേറിയൻമാർ തന്നെ പുസ്തകം വീടുകളിലെത്തിക്കുന്ന വനിതാ പുസ്തക വിതരണ പദ്ധതി എ, ബി ഗ്രേഡ് ഗ്രന്ഥശാലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. സാമൂഹിക സാംസ്കാരിക ജീവിതത്തിന്റെ നേതൃനിരയിലേക്ക് സ്ത്രീകളെ കൊണ്ടു വരുന്നതിനും സമൂഹത്തിന്റെ ആരോഗ്യ വിദ്യാഭ്യാസ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിൽ സ്ത്രീകളെ മുഖ്യ പങ്കാളികളാക്കുന്നതിനും ലക്ഷ്യമിട്ട് വനിതാവേദി എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമീണ മേഖലകളിൽ വിദ്യാർത്ഥികളെയും ഉദ്യോഗാർത്ഥികളെയും സഹായിക്കുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും ഓരോ താലൂക്കുകളിലും കരിയർ ഗൈഡൻസ് സെന്ററുകൾ പ്രവർത്തിക്കുന്നു. 11-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയോടെ 63 താലൂക്കുകളിലും തെരഞ്ഞെടുത്ത ഓരോ ഗ്രന്ഥശാലകളിലും ആരംഭിച്ച താലൂക്ക് റഫറൻസ് ലൈബ്രറികൾ റഫറൻസ് പുസ്തക ശേഖരത്തിന്റെ കാര്യത്തിൽ സമ്പുഷ്ടമാണ്. 14 ജില്ലകളിലും ഓരോ അക്കാദമിക് സ്റ്റഡി സെന്ററുകൾ പ്രവർത്തിക്കുന്നു.

ഓരോ പ്രദേശത്തെയും സമ്പൂർണ്ണ സംവേദന കേന്ദ്രങ്ങളായാണ് ഓരോ ജില്ലയിലും ഓരോ ഗ്രന്ഥശാലകൾ വീതം മോഡൽ വില്ലേജ് ലൈബ്രറികളായി ഉയർത്തിയിട്ടുള്ളത്. കുട്ടികളുടെ വിഭാഗം , സ്ത്രീകളുടെ വിഭാഗം, ഇക്കോ ക്ലബ്ബ്, ഫിലിം ക്ലബ്ബ് തുടങ്ങി

എല്ലാ മേഖലകളിലും ഉൾക്കൊള്ളുന്ന പദ്ധതികളാണ് ഇവിടെ നടപ്പിലാക്കുന്നത് . സംസ്ഥാനത്തെ ഹൈസ്ക്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ഗ്രന്ഥശാലകളുടെ സഹകരണത്തോടെ നടത്തി വരുന്ന അഖിലകേരള വായന മത്സരം കേരളത്തിലെ ഹൈസ്കൂൾ വിദ്യാർത്ഥികളുടെ അക്ഷരോത്സവം എന്നാണ് അറിയപ്പെടുന്നത്.

ട്രൈബൽ ഏരിയകൾ കേന്ദ്രീകരിച്ച് ട്രൈബൽ ലൈബ്രറികൾ സ്ഥാപിക്കാൻ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കഴിഞ്ഞിട്ടുണ്ട്. മികച്ച നിലയിൽ പ്രവർത്തിക്കുന്ന എ ഗ്രേഡ് ഗ്രന്ഥശാലകൾക്ക് പെർഫോമൻസ് ഗ്രാന്റായി 5,000/- രൂപ വീതം അനുവദിച്ചുകൊണ്ട് ഗ്രന്ഥശാലകളുടെ പ്രവർത്തനത്തിന് അംഗീകാരം നൽകുന്നു.

(ബി) ലൈബ്രറികളുടെ ആഭിമുഖ്യത്തിൽ പൊതുപരിപാടികൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ട്. ഓരോ പ്രദേശത്തെയും ജനങ്ങളുടെ വിദ്യാഭ്യാസ സാംസ്ക്കാരിക വികസന കേന്ദ്രങ്ങളെന്ന നിലയിൽ പൊതുപരിപാടികൾ ഗ്രന്ഥശാലാ പ്രവർത്തനത്തിന്റെ ഭാഗമാണ്. ഗ്രന്ഥശാലകളുടെ ആഭിമുഖ്യത്തിൽ ഇത്തരം പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. ഇതിന് സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അർഹമായ പ്രോത്സാഹനം നൽകുന്നു. 10 പൊതു പരിപാടികൾ സംഘടിപ്പിക്കുന്ന ഗ്രന്ഥശാലകൾക്ക് 4,000/- രൂപ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ പ്രോത്സാഹനമായി നൽകുന്നു. കൂടുതൽ പരിപാടി നടത്തുന്ന ഗ്രന്ഥശാലയ്ക്ക് ഓരോ പൊതുപരിപാടിയ്ക്കും 200/- രൂപ വീതം നൽകുന്നു. പരമാവധി ഇത് 5,000/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ജില്ലാ വികസന പദ്ധതികളുടെ ഭാഗമായി കഴിയുന്നത്ര ഗ്രന്ഥശാലകൾക്ക് പബ്ലിക് അഡ്രസ് സിസ്റ്റം നൽകുന്നതിനുള്ള പദ്ധതി 3 വർഷമായി നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| (സി) | ലൈബ്രറികളിൽ റഫറൻസ് വിഭാഗം പ്രത്യേകം സജ്ജീകരിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) | സംസ്ഥാനത്തെ 63 താലൂക്കുകളിലും 13-ാം ധനകാര്യകമ്മീഷന്റെ അവാർഡായി ലഭിച്ച 2 കോടി 60 ലക്ഷം രൂപയുടെ കോർപ്പസ് ഫണ്ടിന്റെ പലിശ ഉപയോഗിച്ച് ഓരോ താലൂക്ക് റഫറൻസ് ലൈബ്രറി പ്രവർത്തിക്കുന്നുണ്ട്. ഇന്റർനെറ്റ് ഉൾപ്പെടെയുള്ള കമ്പ്യൂട്ടർ റഫറൻസ് വിഭാഗവും ഈ കേന്ദ്രങ്ങളിലുണ്ട് ഒരു വർഷം ഏകദേശം 50,000/- രൂപയുടെ റഫറൻസ് പുസ്തകങ്ങൾ ഓരോ കേന്ദ്രങ്ങളിലും ശേഖരിക്കുന്നുണ്ട്. |
| (ഡി) | ലൈബ്രറികൾക്കുള്ള വാർഷിക ഗ്രാന്റ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; | (ഡി) | 2008-2009-ൽ സംസ്ഥാനത്തെ ഗ്രന്ഥശാലകളുടെ ഗ്രാന്റ് വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ഈ വർഷവും അതേ നിരക്ക് തുടരുന്നു. |
| (ഇ) | ലൈബ്രറികൾക്ക് കെട്ടിടനിർമ്മാണത്തിന് ലൈബ്രറി കൗൺസിൽ ഗ്രാന്റ് നൽകുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ? | (ഇ) | ഉണ്ട്. ഹയർ ടൈപ്പ്, ലോവർ ടൈപ്പ് എന്നീ രണ്ട് വിഭാഗങ്ങളിലായി ഗ്രാന്റ് നൽകുന്നു. 16.01.2008-ൽ കൂടിയ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി ഹയർടൈപ്പ് കെട്ടിടങ്ങൾക്കുള്ള ഗ്രാന്റ് 3,00,000/- രൂപയിൽ നിന്ന് 5,00,000/ രൂപയായി വർദ്ധിപ്പിച്ചു. ലോവർ ടൈപ്പ് കെട്ടിടങ്ങൾക്ക് പരമാവധി 50,000/- രൂപയും നൽകുന്നതാണ്. ഒരിക്കൽ കെട്ടിട ഗ്രാന്റ് വാങ്ങിയവർക്ക് 5 വർഷത്തിനുശേഷം എക്സ്റ്റൻഷൻ ഗ്രാന്റായി 1,00,000/- രൂപ നൽകുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.411 10.07.2009- ൽ മറുപടി നൽകേണ്ടത്.

## ലാന്റ് ബോർഡുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.ചന്ദ്രൻ<br>" പി.ജയരാജൻ<br>" എ.സി.മൊയ്തീൻ<br>" ജോർജ്.എം.തോമസ്<br>" പി.ടി.എ.റഹിം | ശ്രീ. കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ലാൻഡ് ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | (എ) താലൂക്ക് ലാൻഡ് ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി രാഷ്ട്രീയകക്ഷികളുടെ പ്രാദേശിക പ്രതിനിധികളെ ഉൾപ്പെടുത്തി താലൂക്ക് ലാന്റ് ബോർഡുകൾ പുന: സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ മിച്ചഭൂമി കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി വിചാരണകൾ കൃത്യമായി നടത്തുന്നതിനും കേസുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിനുവേണ്ടി എല്ലാ ടി. എൽ.ബി. ചെയർമാൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ടി.എൽ.ബി കളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ബഹു. റവന്യൂ വകുപ്പ് മന്ത്രി ചെയർമാനായി ഭൂപരിഷ്കരണ റിവ്യൂ ബോർഡ് പുന: സംഘടിപ്പിച്ചിട്ടുണ്ട്. |

(ബി) താലൂക്ക് ലാന്റ് ബോർഡുകൾ മുമ്പാകെ എത്ര കേസുകൾ നില വിലുണ്ട് ;

(ബി) 63 താലൂക്ക് ലാന്റ് ബോർഡുകളിലായി 1436 കേസുകൾ നിലവിലുണ്ട്.

| ക്രമ നം | ജില്ല | ടി.എൽ.ബി. മുമ്പാകെയുള്ള കേസുകൾ |
|---|---|---|
| 01 | തിരുവനന്തപുരം | 27 |
| 02 | കൊല്ലം | 53 |
| 03 | പത്തനം തിട്ട | 18 |
| 04 | ആലപ്പുഴ | 14 |
| 05 | കോട്ടയം | 57 |
| 06 | ഇടുക്കി | 59 |
| 07 | എറണാകുളം | 33 |
| 08 | തൃശ്ശൂർ | 11 |
| 09 | പാലക്കാട് | 276 |
| 10 | മലപ്പുറം | 273 |
| 11 | കോഴിക്കോട് | 100 |
| 12 | വയനാട് | 114 |
| 13 | കണ്ണൂർ | 176 |
| 14 | കാസർഗോഡ് | 225 |
| | ആകെ | 1436 |

(സി) എത്ര ഏക്കർ മിച്ചഭൂമി ഈ സർക്കാർ വന്നശേഷം ഏറ്റെടുത്തിട്ടുണ്ട്; അവ ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ ജില്ലകളിലായി 325.02.990 ഏക്കർ മിച്ചഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഏറ്റെടുത്തിട്ടുള്ളതിൽ വിതരണം ചെയ്യാൻ അവശേഷിക്കുന്നവ ഭൂരഹിതർക്ക് പതിച്ചു നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

| ക്രമ നം | ജില്ല | ഏറ്റെടുത്ത ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) |
|---|---|---|
| 01 | തിരുവനന്തപുരം | 87.83.000 |
| 02 | കൊല്ലം | — |
| 03 | പത്തനം തിട്ട | — |
| 04 | ആലപ്പുഴ | — |

| | | |
|---|---|---|
| 05 | കോട്ടയം | — |
| 06 | ഇടുക്കി | — |
| 07 | എറണാകുളം | — |
| 08 | തൃശ്ശൂർ | 14.16.040 |
| 09 | പാലക്കാട് | 123.78.000 |
| 10 | മലപ്പുറം | 25.87.950 |
| 11 | കോഴിക്കോട് | 61.68.000 |
| 12 | വയനാട് | 6.50.000 |
| 13 | കണ്ണൂർ | 5.20.000 |
| 14 | കാസർഗോഡ് | — |
| | ആകെ | 325.02.990 |

(ഡി) വിവിധ കോടതികളിലായി എത്ര ഏക്കർ മിച്ചഭൂമിയെ സംബന്ധിച്ച കേസുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ ?

(ഡി) വിവിധ കോടതികേസുകളിലായി ഏകദേശം 11660.29.335 ഏക്കർ മിച്ചഭൂമി നിലവിലുണ്ട്.

| ക്രമ നം | ജില്ല | കോടതി കേസ്സുകളിൽപ്പെട്ട വിസ്തീർണ്ണം (ഏക്കറിൽ) |
|---|---|---|
| 01 | തിരുവനന്തപുരം | 16.18.351 |
| 02 | കൊല്ലം | 111.66.129 |
| 03 | പത്തനം തിട്ട | 19.88.500 |
| 04 | ആലപ്പുഴ | 168.80.337 |
| 05 | കോട്ടയം | 78.74.968 |
| 06 | ഇടുക്കി | 1146.69.000 |
| 07 | എറണാകുളം | 829.01.102 |
| 08 | തൃശ്ശൂർ | 261.84.228 |
| 09 | പാലക്കാട് | 974.69.750 |
| 10 | മലപ്പുറം | 661.66.000 |
| 11 | കോഴിക്കോട് | 1808.35.000 |
| 12 | വയനാട് | 2877.09.470 |
| 13 | കണ്ണൂർ | 2293.32.500 |
| 14 | കാസർഗോഡ് | 412.34.000 |
| | ആകെ | 11660.29.335 |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *412 — 10/07/2009-ൽ മറുപടിയ്ക്ക്

## പൊതു ആവശ്യത്തിന് കുടിയൊഴിപ്പിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ്.<br>ശ്രീ. സി. എം. ദിനേശ് മണി<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. ബി. രാഘവൻ<br>ശ്രീ. വി. ശിവൻകുട്ടി | ശ്രീ. കെ. പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| എ) പൊതു ആവശ്യത്തിന് സർക്കാർ സ്ഥലം ഏറ്റെടുക്കുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് ആവിഷ്ക്കരിച്ച പുനരധിവാസ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ;<br><br>ബി) പുനരധിവാസ പദ്ധതി ആവിഷ്ക്കരിച്ച ശേഷം ഏതെല്ലാം പദ്ധതിക്കായി സർക്കാർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട് ;<br><br>സി) പുനരധിവാസ നടപടികൾ വൈകുന്നതു തടയാൻ നടപടി സ്വീകരിക്കുമോ ; | എ) & ബി) & സി) 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമവും 1990-ലെ കേരള സ്ഥലമെടുപ്പു ചട്ടങ്ങളും പ്രകാരമാണ് പൊന്നുംവില നടപടി ക്രമങ്ങൾ മുഖാന്തിരം സ്ഥലം ഏറ്റെടുക്കുന്നത്. എന്നാൽ കാലതാമസം ഒഴിവാക്കിക്കൊണ്ടുള്ള ഫാസ്റ്റ് ട്രാക്ക് പ്രോജക്ട് സംവിധാനം ഇപ്പോൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതു പ്രകാരം വ്യവഹാര രഹിതമായി ഭൂമി ഏറ്റെടുക്കാൻ കഴിയുന്നുണ്ട്. 05/11/2004-ലെ ജി.ഒ.(എം.എസ്) 331/04/ആർഡി ഉത്തരവുപ്രകാരം ഫാസ്റ്റ് ട്രാക്ക് പ്രോജക്ടുകളിൽ ഭൂമി അക്വയർ ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള പുനരധിവാസ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അതനുസരിച്ച് ഫാസ്റ്റ് ട്രാക്ക് പദ്ധതി പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ ആ ഭൂമിയിൽ ഉപജീവനമാർഗ്ഗമായ കെട്ടിടങ്ങളോ, വാസഗൃഹങ്ങളോ ഉള്ളവരെ ഒഴിപ്പിക്കേണ്ടി വരുമ്പോൾ അവർക്ക് സമീപപ്രദേശത്തു തന്നെ പുനരധിവാസം നൽകാൻ ശ്രദ്ധിക്കുന്നുണ്ട്. ഭൂമി നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിന് വല്ലാർപാടം കണ്ടയിനർ ടെർമിനൽ പദ്ധതിക്ക് സ്ഥലമേറ്റെടുത്തപ്പോൾ സ്വീകരിച്ച പോലുള്ള ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിക്ക് സർക്കാർ രൂപം നല്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| ഡി) | സ്ഥലം ഏറ്റെടുക്കൽ നടപടി സുതാര്യവും കാര്യക്ഷമവു മാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | ഡി) | 1894-ലെ ഭൂമി പൊന്നുംവില നിയമം, 1990-ലെ ഭൂമി പൊന്നുംവില ചട്ടങ്ങൾ എന്നിവയനുസരിച്ച്ാണ് സംസ്ഥാനത്ത് പൊതു ആവശ്യത്തിനായി സ്ഥലം ഏറ്റെടുക്കുന്നത്. അടിയന്തിരമായി സ്ഥലം ഏറ്റെടുക്കേണ്ട കേസുകളിൽ അടിയന്തിര ഖണ്ഡാനുമതി നൽകി സ്ഥലം ഏറ്റെടുക്കാറുണ്ട്. 01/11/2004-ലെ ജി.ഒ. (എം.എസ്) 329/04/ആർഡി., 05/11/2004-ലെ ജി.ഒ.(എം.എസ്)331/04/ആർഡി. ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയും ഭൂമി ഏറ്റെടുക്കുന്നുണ്ട്. ഇതിൻപ്രകാരം ഭൂഉടമകളുമായി ഡി. എൽ. പി. സി നേരിട്ടു ചർച്ച നടത്തി വില നിശ്ചയിക്കുന്നതിനാൽ കാലതാമസമില്ലാതെ നഷ്ടപരിഹാരം നല്കാൻ കഴിയുന്നു. എൽ.എ.ആർ കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് 88507/ബി1/2007/റവ. തീയതി, 19/12/2008 നമ്പർ സർക്കുലർ പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും ലാൻറ് അക്വിസിഷൻ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 413

10-7-2009 ൽ മറുപടിക്ക്

## ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായവും പ്രൈവറ്റ് രജിസ്ട്രേഷനും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. ഉമ്മർ:<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ബിരുദതലത്തിൽ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം ആരംഭിക്കുന്നതോടെ ഇപ്പോൾ സർവ്വകലാശാലകളിൽ നിലവിലുള്ള പ്രൈവറ്റ് രജിസ്ട്രേഷൻ സമ്പ്രദായം നിർത്തലാക്കാൻ ഉദ്ദേശമുണ്ടോ; | (എ) ഇല്ല. |
| (ബി) സംസ്ഥാനത്ത് ഡിഗ്രിതലത്തിൽ ഓരോ സർവ്വകലാശാലയിലും എത്ര കുട്ടികൾ വീതം ഇപ്പോൾ പ്രൈവറ്റ് രജിസ്ട്രേഷൻ വഴി പഠനം നടത്തുന്നുണ്ട് ; | (ബി) കേരള സർവ്വകലാശാലയിൽ 2008-10 കാലയളവിൽ 11,715 വിദ്യാർത്ഥികൾ ഡിഗ്രിതലത്തിൽ പ്രൈവറ്റായി രജിസ്റ്റർ ചെയ്ത് പഠനം നടത്തുന്നുണ്ട്. 2009-11 ലെ പ്രൈവറ്റ് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടില്ല. എം.ജി. സർവ്വകലാശാലയിൽ 2007-08 അധ്യയന വർഷം 13,154-ഉം 2008-09 അധ്യയന വർഷം 13,239-ഉം വിദ്യാർത്ഥികൾ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. കോഴിക്കോട് സർവ്വകലാശാലയിൽ 1,02,482 കുട്ടികൾ പ്രൈവറ്റ് രജിസ്ട്രേഷൻ വഴി പഠനം നടത്തുന്നുണ്ട്. |
| (സി) പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കിയാൽ ഈ സമ്പ്രദായത്തെ ആശ്രയിച്ച് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് എന്ത് ബദൽ സംവിധാനമാണ് ഒരുക്കുക; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.414 10.07.2009- ൽ മറുപടി നൽകേണ്ടത്.

## ലാന്റ് ബോർഡുകളിൽ അവശേഷിക്കുന്ന മിച്ചഭൂമി കേസുകൾ

**ചോദ്യം**

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
" എൻ. അനിരുദ്ധൻ
" വി.എസ്. സുനിൽ കുമാർ
" ബാബു പോൾ
" കെ.രാജു

**മറുപടി**

ശ്രീ. കെ.പി.രാജേന്ദ്രൻ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ താലൂക്ക് ലാൻഡ് ബോർഡുകളിൽ എത്ര മിച്ചഭൂമികേസുകൾ അവശേഷിക്കുന്നുണ്ട് ; ഇവയുടെ താലൂക്ക് തിരിച്ചുള്ള വിവരം വെളിപ്പെടുത്തുമോ ;

(എ) സംസ്ഥാനത്തെ 63 താലൂക്ക് ലാൻഡ് ബോർഡുകളിലായി ആകെ 1436 കേസുകൾ അവശേഷിക്കുന്നുണ്ട്. ഇവയുടെ താലൂക്ക് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം | താലൂക്ക് | കേസുകളുടെ എണ്ണം |
|---|---|---|
| 01. | തിരുവനന്തപുരം | 05 |
| 02. | നെയ്യാറ്റിൻകര | 04 |
| 03. | നെടുമങ്ങാട് | 13 |
| 04. | ചിറയിൻകീഴ് | 05 |
| 05. | കൊല്ലം | 09 |
| 06. | കൊട്ടാരക്കര | 33 |
| 07. | കരുനാഗപ്പള്ളി | 02 |
| 08. | കുന്നത്തൂർ | 01 |
| 09. | പത്തനാപുരം | 08 |
| 10. | കോഴഞ്ചേരി | 08 |
| 11. | തിരുവല്ല | 04 |
| 12. | മല്ലപ്പള്ളി | 03 |
| 13. | റാന്നി | 02 |
| 14. | അടൂർ | 01 |
| 15. | കുട്ടനാട് | 07 |
| 16. | ചേർത്തല | 05 |
| 17. | കാർത്തികപ്പള്ളി | 02 |

......2..

| | | |
|---|---|---|
| 18. | അമ്പലപ്പുഴ | 00 |
| 19. | മാവേലിക്കര | 00 |
| 20. | ചെങ്ങന്നൂർ | 00 |
| 21. | വൈക്കം | 01 |
| 22. | മീനച്ചിൽ | 01 |
| 23. | കാഞ്ഞിരപ്പള്ളി | 13 |
| 24. | കോട്ടയം | 12 |
| 25. | ചെങ്ങനാശ്ശേരി | 30 |
| 26. | ദേവികുളം | 03 |
| 27. | തൊടുപുഴ | 17 |
| 28. | പീരുമേട് | 34 |
| 29. | ഉടുമ്പൻചോല | 05 |
| 30. | കണയന്നൂർ | 06 |
| 31. | കൊച്ചി | 05 |
| 32. | പറവൂർ | 06 |
| 33. | ആലുവ | 05 |
| 34. | കുന്നത്തുനാട് | 02 |
| 35. | മൂവാറ്റുപുഴ | 05 |
| 36. | കോതമംഗലം | 04 |
| 37. | തലപ്പിള്ളി | 02 |
| 38. | മുകുന്ദപുരം | 03 |
| 39. | കൊടുങ്ങല്ലൂർ | 03 |
| 40. | തൃശൂർ | 01 |
| 41. | ചാവക്കാട് | 02 |
| 42. | പാലക്കാട് | 48 |
| 43. | ആലത്തൂർ | 50 |
| 44. | മണ്ണാർക്കാട് | 86 |
| 45. | ഒറ്റപ്പാലം | 35 |
| 46. | ചിറ്റൂർ | 57 |
| 47. | ഏറനാട് | 74 |
| 48. | നിലമ്പൂർ | 50 |
| 49. | പൊന്നാനി | 25 |
| 50. | പെരുന്തൽമണ്ണ | 35 |
| 51 | തിരൂർ | 56 |

......3..

| | | |
|---|---|---|
| 52. | തിരൂരങ്ങാടി | 33 |
| 53. | കോഴിക്കോട് | 28 |
| 54. | കൊയിലാണ്ടി | 36 |
| 55. | വടകര | 36 |
| 56. | വൈത്തിരി | 24 |
| 57. | സുൽത്താൻബത്തേരി | 08 |
| 58. | മാനന്തവാടി | 82 |
| 59. | തളിപ്പറമ്പ് | 157 |
| 60 | തലശ്ശേരി | 14 |
| 61 | കണ്ണൂർ | 05 |
| 62. | കാസറഗോഡ് | 41 |
| 63. | ഹോസ്ദുർഗ്ഗ് | 184 |
| | ആകെ | 1436 |

(ബി) ഈ കേസ്സുകളിൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) മിച്ചഭൂമികേസുകൾ കൂടുതലുള്ള ടി.എൽ.ബി.യിൽ ആഴ്ചയിൽ രണ്ട് സിറ്റിംഗും മറ്റു ടി.എൽ.ബികൾ യഥാസമയം കൂടുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി.എൽ.ബി.യിലുള്ള കേസുകളുടെ പുരോഗതി എല്ലാ മാസവും മെമ്പർ ലാന്റ് ബോർഡ് അവലോകനം നടത്തി വരുന്നു. സമയബന്ധിതമായി ലാന്റ് ബോർഡ് കേസ്സുകൾ തീർപ്പുകൽപ്പിക്കുന്നതിന് ആതറൈസ്ഡ് ഓഫീസർമാർ മുഖേന സ്ഥലപരിശോധനയും അന്വേഷണം നടത്തി ലഭിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നിരന്തരം സിറ്റിംഗ് നടത്തി കേസ്സുകൾ സമയബന്ധിതമായി തീർപ്പു കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ഭൂപരിഷ്കരണം ഫലപ്രദമായി നടത്തുന്നതിന് ഉദ്യോഗസ്ഥന്മാർക്ക് ശിൽപശാല സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) കേസുകൾ മൂലം സർക്കാരിൽ നിക്ഷിപ്തമാക്കാൻ കഴിയാതെ പോയ എത്ര ഏക്കർ മിച്ചഭൂമിയുണ്ടെന്ന് അറിയിക്കുമോ ?

(സി) സംസ്ഥാനത്ത് കേസുകൾ മൂലം സർക്കാരിൽ നിക്ഷിപ്തമാക്കുവാൻ കഴിയാതെപോയ 11660.29.335 ഏക്കർ മിച്ചഭൂമി ഉണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 415.** **10/07/2009-ൽ മറുപടിക്ക്**

## നിലവിലുള്ള പരീക്ഷാസംവിധാനത്തിൽ മാറ്റം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ:<br>ശ്രീ.കെ.ടി.ജലീൽ:<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ:<br>പ്രൊഫ.സി.രവീന്ദ്രനാഥ്:<br>ശ്രീ.പി.വിശ്വൻ: | | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| എ) നിലവിലുള്ള സ്കൂൾ പരീക്ഷാസംവിധാനത്തിൽ കേന്ദ്ര സർക്കാർ വരുത്താൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ) | നിലവിലുള്ള സ്കൂൾതല പരീക്ഷാ സംവിധാനത്തിൽ കേന്ദ്രസർക്കാർ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നതുമായി ബന്ധപ്പെട്ട യാതൊരു ഔദ്യോഗിക രേഖകളും ഇതുവരെ ലഭ്യമായിട്ടില്ല. ഇക്കാര്യത്തിൽ കേന്ദ്ര മാനവവിഭവശേഷി വകുപ്പ് മന്ത്രി നടത്തിയ പരാമർശങ്ങൾ മാത്രമാണ് മാധ്യമങ്ങളിലൂടെ അറിയാൻ കഴിഞ്ഞിട്ടുള്ളത്. |
| ബി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം കേന്ദ്രം ആരാഞ്ഞിട്ടുണ്ടോ; | ബി) | ഇല്ല. |
| സി) രാജ്യത്താകെ ഒറ്റ പരീക്ഷാ ബോർഡിന്റെ കീഴിൽ ഹയർ സെക്കൻഡറി പരീക്ഷ നടത്തുന്നതിന് കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | സി) | ഔദ്യോഗികമായി വിവരങ്ങൾ ലഭ്യമായിട്ടില്ല. |
| ഡി) കേന്ദ്രത്തിന്റെ വിദ്യാഭ്യാസ പരിഷ്കരണത്തെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണ്; ഇക്കാര്യം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; | ഡി) | ബാധകമല്ല. |

| | | | |
|---|---|---|---|
| ഇ) | വിദ്യാഭ്യാസ പരിഷ്കാരം സംബന്ധിച്ച് ദേശീയതലത്തിൽ അഭിപ്രായ സമന്വയം ഉണ്ടാക്കുന്നതിന് സംസ്ഥാനസർക്കാർ ആവശ്യപ്പെടുമോ? | ഇ) | വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിൽപ്പെട്ടതുകൊണ്ട് തന്നെ സംസ്ഥാനത്തിനകത്ത് വിദ്യാഭ്യാസ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന് ഓരോ സംസ്ഥാനത്തിനും പൂർണ അധികാരമുണ്ട്. ഇതു സംബന്ധിച്ച് ദേശീയ കാഴ്ചപ്പാട് എന്താണെന്നും, പാഠ്യപദ്ധതിയുടെ പൊതു സ്വഭാവം എങ്ങനെ യായിരിക്കണമെന്നും നിർദ്ദേശിക്കാൻ മാത്രമെ കേന്ദ്രത്തിന് കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട** **10.7.2009-ൽ മറുപടിയ്ക്ക്**

**നിയമസഭ ചോദ്യം നമ്പർ: 416**

**" സംസ്ഥാനാതിർത്തി "**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.കൃഷ്ണ പ്രസാദ്:**<br>**ശ്രീ. വി. ചെന്താമരാക്ഷൻ:**<br>**ശ്രീ. കെ.കെ. ജയചന്ദ്രൻ:**<br>**ശ്രീ. എസ്. രാജേന്ദ്രൻ:**<br>**ശ്രീ. ആർ. സെൽവരാജ്:** | **ശ്രീ. കെ.പി. രാജേന്ദ്രൻ**<br>**(റവന്യൂ വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനാതിർത്തി സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) സംസ്ഥാനാതിർത്തി സംയുക്ത പരിശോധന നടത്തി റിക്കാർഡുകൾ തയ്യാറാക്കി സൂക്ഷിച്ചുവരുന്നു. |
| (ബി) സംസ്ഥാനാതിർത്തിയിലെ കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) ഉണ്ട്.<br>1) പാലക്കാട് ജില്ലയിൽ കേരള തമിഴ്നാട് അതിർത്തി പ്രദേശമായ ഷോളയാർ പഞ്ചായത്തിൽ ആനക്കട്ടി, അട്ടപ്പാടി മേഖലയിൽ മുള്ളി, കിണ്ണക്കര, മൂലഗംഗൽ എന്നീ പ്രദേശങ്ങളിൽ കൈയ്യേറ്റം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>2) ഇടുക്കി ജില്ലയിൽ മറയൂർ വില്ലേജിൽ ചീനാർ ചെക്ക് പോസ്റ്റ് മേഖലയിൽ തമിഴ്നാട് ഭാഗത്തുനിന്നും കൈയ്യേറ്റം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>3) കണ്ണൂർ ജില്ലയിലെ കേരള കർണ്ണാടക അന്തർസംസ്ഥാന അതിർത്തിയോട് ചേർന്ന് തളിപ്പറമ്പ് താലൂക്കിലെ പുളിങ്ങോം വില്ലേജിൽപ്പെട്ട വനഭൂമി കർണ്ണാടക സർക്കാർ അവകാശവാദം ഉന്നയിച്ച് തർക്കം തുടരുന്നു. |

4) കാസർഗോഡ് ജില്ലയിലെ ബദഡുക്ക, അദൂർ വില്ലേജുകളിൽപ്പെട്ട അന്തർസംസ്ഥാന അതിർത്തി മേഖലയിൽ തർക്കം നില നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കേരളം, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളുടെ പൊതു അതിർത്തികൾ സംയുക്ത പരിശോധന നടത്താറുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) കേരളം - തമിഴ്നാട്, കേരളം -കർണ്ണാടകം, കേരളം-പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങളിലെ പൊതു അതിർത്തികളിൽ സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, കാസർഗോഡ് തുടങ്ങിയ ജില്ലകളിലും പോണ്ടിച്ചേരിയിലും പൊതു അതിർത്തികളിൽ സംയുക്ത പരിശോധന പൂർത്തിയാക്കാൻ നടപടി തുടർന്നുവരുന്നു.

(ഡി) സംസ്ഥാനാതിർത്തിയിൽ നടക്കുന്ന കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നിലവിലുള്ള സംവിധാനമെന്തെന്നു വിശദമാക്കുമോ ?

(ഡി) അന്തർസംസ്ഥാന അതിർത്തിയിൽ നടക്കുന്ന കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസുകളിൽ പ്രസ്തുത സംസ്ഥാനങ്ങളുമായി കൂടിയാലോചനകൾ നടത്തി ഒഴിപ്പിക്കൽ നടപടി ആവശ്യമായ കേസുകളിൽ സർക്കാർ തീരുമാനം എടുത്തതിനു ശേഷം മാത്രമെ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 417**

10-7-2009 ൽ മറുപടിക്ക്

## ഓപ്പൺ യൂണിവേഴ്സിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : | ശ്രീ. എം.എ. ബേബി (വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് സംബന്ധമായി എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആരുടെ റിപ്പോർട്ടാണെന്ന് വെളിപ്പെടുത്തുമോ ; | (എ) & (ബി) സംസ്ഥാനത്ത് ഒരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനാവശ്യമായ ഒരു പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുന്നതിനായി ഒരു മൂന്നംഗകമ്മിറ്റിയെ സർക്കാർ ഉത്തരവ് ജി.ഒ (ആർ.റ്റി) നം.535/08/ ഉ.വി.വ തീയതി 28-3-2008 പ്രകാരം ചുമതലപ്പെടുത്തിയിരുന്നു. പ്രൊഫ. റാംതഖ്‌വാലെ (പൂന യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ), പ്രൊഫ. അൻവർ ജഹാൻ സുബേരി (കാലിക്കറ്റ് സർവ്വകലാശാലാ വൈസ് ചാൻസലർ), ഡോ. വി. വാസുദേവൻ (മുൻ റീജിയണൽ ഡയറക്ടർ, ഇഗ്നോ) എന്നിവരാണ് പ്രസ്തുത കമ്മിറ്റി അംഗങ്ങൾ. കമ്മിറ്റി റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല. |
| (ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 418 — 10.7.2009 - ൽ മറുപടിയ്ക്ക്

## കൃഷിഭവന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. എ. സി. മൊയ്തീൻ<br>ശ്രീ. ടി. പി. കുഞ്ഞുണ്ണി. | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |
| (എ) കൃഷിഭവൻ മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) കാർഷികോല്പാദനം മെച്ചപ്പെടുത്തുന്നതിനും വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള പദ്ധതി പ്രവർത്തനം നടത്തുന്നത് കൃഷിഭവനുകൾ വഴിയാണ്. കൃഷിവകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും കൃഷിഭവൻ വഴിയാണ് കർഷകരിൽ എത്തിക്കുന്നത്. |
| (ബി) സർക്കാർ ആവിഷ്കരിക്കുന്ന കാർഷിക വികസന പദ്ധതികൾ ജനങ്ങളിലെത്തിക്കാൻ കൃഷിഭവനുകൾക്ക് കഴിയുന്നുണ്ടോ; | (ബി) ഉണ്ട്. |
| (സി) കൃഷിഭവന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി കാർഷിക ഉപദേശക സമിതികൾ മുടങ്ങാതെ കൂടുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) കൃഷി ഭവന്റെ പ്രവർത്തനങ്ങൾ ജനകീയവൽക്കരിക്കുന്നതിന്റെ ഭാഗമായി കാർഷിക ഉപദേശകസമിതികൾ പുന:സംഘടിപ്പിക്കുകയും അവ മുടങ്ങാതെ കൂടുന്നതിനുള്ള സാഹചര്യമൊരുക്കിയിട്ടുമുണ്ട്. |
| (ഡി) കൂടുതൽ കൃഷിഭവനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) ഇല്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 419 | 10.7.09 ൽ മറുപടിയ്ക്ക്

## കരനെൽകൃഷി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.. കെ. അജിത് : <br> ശ്രീ. പി. തിലോത്തമൻ : <br> ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : <br> ശ്രീ. കെ. രാജു : <br> ശ്രീ. എ.കെ. ചന്ദ്രൻ : | ശ്രീ. മുല്ലക്കര രത്നാകരൻ <br> (കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നെല്ലുത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പരമ്പരാഗത മേഖലയിൽ നിന്നും അപ്രത്യക്ഷമായ 'കര നെൽകൃഷി' പുനരാരംഭിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകിട്ടുണ്ടോ ; | (എ) ഉണ്ട്. |
| ബി). എങ്കിൽ എത്ര ഹെക്ടർ സ്ഥലത്താണ് ആദ്യഘട്ടം കരനെൽകൃഷി ആരംഭിക്കുന്നത് ; അത് ഏതെല്ലാം ജില്ലകളിലാണ് എന്ന് വ്യക്തമാക്കുമോ ; | (ബി) ആദ്യഘട്ടമായ 2009-10 സാമ്പത്തിക വർഷത്തിൽ 1000 ഹെക്ടറിലാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതി നടപ്പാക്കുന്ന ജില്ലകൾ |

| | |
|---|---|
| കൊല്ലം | - 50 ഹെക്ടർ |
| ആലപ്പുഴ | - 100 ഹെക്ടർ |
| പത്തനംതിട്ട | - 10 ഹെക്ടർ |
| കോട്ടയം | - 10 ഹെക്ടർ |
| തൃശൂർ | - 350 ഹെക്ടർ |
| പാലക്കാട് | -100 ഹെക്ടർ |
| ഇടുക്കി | - 200 ഹെക്ടർ |
| കോഴിക്കോട് | - 50 ഹെക്ടർ |
| കണ്ണൂർ | - 80 ഹെക്ടർ |
| കാസർഗോഡ് | - 50 ഹെക്ടർ |
| **ആകെ** | **- 1000 ഹെക്ടർ** |

(സി). കരനെൽകൃഷിയുടെ വ്യാപനത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

(സി). സംസ്ഥാന ഭക്ഷ്യസുരക്ഷാപദ്ധതിയിൽ ഉൾപ്പെട്ട ഒരു പദ്ധതി ഘടകമാണ് കരനെൽകൃഷി പദ്ധതി. പരമ്പരാഗത മേഖലയിൽ നിന്നും അപ്രത്യക്ഷമായ കരനെൽകൃഷി പുനരാരംഭിക്കുന്നതിനാണ് ഈ പദ്ധതിയ്ക്ക് രൂപം നല്കിയിരിയ്ക്കുന്നത്. സംസ്ഥാനത്തെ പ്രമുഖ നെൽകൃഷി മേഖല കേന്ദ്രീകരിച്ച് 1000 ഹെക്ടറിലാണ് പദ്ധതി നടപ്പാക്കുന്നത്. കൂടാതെ ജില്ലാ ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളുടെ സഹകരണത്തോടെ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് പദ്ധതി വ്യാപിപ്പിയ്ക്കുവാൻ ശ്രമങ്ങൾ നടക്കുന്നു. പദ്ധതി നടപ്പാക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട കരഭൂമിയിൽ കൃഷിയിറക്കുന്നതിനാവശ്യമായ ഇനങ്ങൾ സംസ്ഥാന വിത്തു വികസന അതോറിറ്റി മുഖാന്തിരം സൗജന്യമായി ലഭ്യമാക്കുന്നു. കർശനമായ മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ ടി കൃഷിയ്ക്ക് ഉപയുക്തമാക്കുന്ന രാസ ജൈവ വളങ്ങൾ, കളനാശിനി തുടങ്ങിയ ഉല്പാദന ഉപാധികൾ എന്നിവയ്ക്കായി ഹെക്ടറിന് 5000 രൂപ ധനസഹായം നല്കി കൊണ്ടാണ് പദ്ധതി നടപ്പാക്കുന്നത്. മറ്റു പദ്ധതികളുടെ ഫണ്ട് സമന്വയിപ്പിയ്ക്കുവാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ അപ്രകാരവും പദ്ധതി നടപ്പാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 420 — 10/07/2009-ൽ മറുപടിക്ക്

ദേശീയ പോഷകാഹാര പദ്ധതി

ചോദ്യം — ഉത്തരം

ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി : — ശ്രീ. എം.എ.ബേബി (വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | കേന്ദ്രസർക്കാർ സ്കൂൾ കുട്ടികൾക്കു നടപ്പിലാക്കിയിട്ടുള്ള ദേശീയ പോഷകാഹാര പദ്ധതി നടത്തിപ്പിലെ അപാകത സംബന്ധിച്ച് 2008 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ സി. & എ.ജി.യുടെ റിപ്പോർട്ടു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2003-2004 മുതൽ 2007-2008 വരെയുള്ള കാലയളവിലെ പെർഫോർമൻസ് ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| ബി) | എന്തെല്ലാം പ്രധാനപ്പെട്ട അപാകതകളും ക്രമക്കേടുകളുമാണ് കണ്ടെത്തിയതെന്നും ഇവ പരിഹരിക്കാൻ ഇതിനകം സ്വീകരിച്ച നടപടികളെന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ; | ബി) | റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുള്ള പ്രധാനപ്പെട്ട അപാകതകളും ക്രമക്കേടുകളും താഴെപറയുന്നവയാണ്<br>1. സ്കൂളുകൾക്കാവശ്യമായ പാചക ഉപകരണങ്ങളും പാത്രങ്ങളും വാങ്ങുന്നതിനും അടുക്കളയും സ്റ്റോർ റൂമും പണിയുന്നതിനും നൽകിയ കേന്ദ്ര സഹായം പൂർണ്ണമായും യഥാസമയം ഉപയോഗിച്ചില്ല. ചില സ്കൂളുകളിൽ നല്ല അടുക്കളയും സ്റ്റോർറൂമും ഇല്ല.<br>2. പാചക ചെലവിനുള്ള തുകയുടെ വിതരണത്തിൽ കാലതാമസമുണ്ടാകുന്നു.<br>3. ഗുണഭോക്താക്കളായ കുട്ടികളുടെ എണ്ണം അധികമായി റിപ്പോർട്ട് ചെയ്യു.<br>4. ഉച്ച ഭക്ഷണത്തിന് അനുവദിച്ച അരി സിവിൽ സപ്ലൈസ് കോർപ്പറേഷൻ പൊതുവിപണിയിൽ വിൽക്കുന്നു. |

| | | | |
|---|---|---|---|
| | | | I മുതൽ V വരെ ക്ലാസുകളിലുള്ള കുട്ടികൾക്ക് അനുവദിക്കുന്ന അരി 6,7 ക്ലാസുകളിലെ കുട്ടികൾക്ക് കൂടി ഉപയോഗിക്കുകയും മിച്ചം വരുന്ന അരി ഉത്സവകാലത്ത് സ്പെഷ്യൽ അരിയായി നൽകുവാൻ ഉപയോഗിക്കുകയും ചെയ്യുന്നു.<br>5. അരിയുടെ ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ അമിത ചാർജ് ഈടാക്കുന്നു.<br>6. പയറുവർഗങ്ങൾക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉയർന്ന വില ഈടാക്കുന്നു.<br>7. മോണിറ്ററിംഗ് /ഇൻസ്പെക്ഷൻ കാര്യക്ഷമമല്ല.<br>പ്രസ്തുത അപാകതകളും ക്രമക്കേടുകളും പരിഹരിക്കാൻ താഴെപറയുന്ന നടപടികൾ സ്വീകരിച്ചു.<br>1. ഒരു പ്രദേശത്തെ സ്കൂളുകൾക്ക് പൊതുവായ ഒരു കേന്ദ്രീകൃത അടുക്കള എന്ന ആശയം പരിഗണനയിലുള്ളതിനാൽ അടുക്കളയും സ്റ്റോർ റൂമും നിർമ്മിക്കുന്നതിനുള്ള തുക പൂർണമായി വിനിയോഗിച്ചിട്ടില്ല. കേന്ദ്രീകൃത അടുക്കളകൾ നിർമ്മിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.<br>2. പാചകച്ചെലവിനുള്ള തുകയുടെ വിതരണത്തിലെ കാലതാമസമൊഴിവാക്കുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നു നേരിട്ട് ഫണ്ട് വിതരണം ചെയ്യുന്ന കാര്യം പരിശോധിച്ചു വരുന്നു.<br>3. അദ്ധ്യയന വർഷം തുടങ്ങുന്നതിനു മുൻപ് തന്നെ കുട്ടികളുടെ എണ്ണം നൽകേണ്ടതുള്ളതിനാൽ മുൻ അദ്ധ്യയന വർഷത്തെ |

| | | | |
|---|---|---|---|
| | | | കണക്കുകളിൽ നിന്നാണ് നടപ്പു വർഷത്തെ ഗുണഭോക്താക്കളായ കുട്ടികളുടെ എണ്ണം കണക്കാക്കി നൽകുന്നത്. ഇതിൽ വരുന്ന വ്യത്യാസം സെപ്റ്റംബർ മാസത്തെ കണക്കിൽ തിരുത്തി നൽകുകയും അതനുസരിച്ച് കേന്ദ്ര സഹായം പുനർ നിർണ്ണയിക്കപ്പെടാറുമുണ്ട്. ഉച്ചഭക്ഷണം കഴിക്കുന്ന കുട്ടികളുടെ എണ്ണം ദിവസംതോറും വ്യത്യാസപ്പെടാറുമുണ്ട്.<br>4. ഉച്ചഭക്ഷണത്തിന് അനുവദിച്ച അരി കേടായി നശിക്കാതിരിക്കാൻ പൊതുവിപണിയിൽ വിറ്റത് തുല്യ അളവിൽ തിരികെ വയ്ക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര ഉച്ചഭക്ഷണ പദ്ധതി ആരംഭിച്ചപ്പോൾ സംസ്ഥാനത്ത് നിലവിലുള്ള രീതിയിൽ ഉച്ചഭക്ഷണ പദ്ധതി തുടർന്നുകൊണ്ട്, മിച്ചം വന്ന അരി ഉയർന്ന ക്ലാസുകളിലേയ്ക്ക് പദ്ധതി ഏർപ്പെടുത്താൻ വിനിയോഗിക്കുകയായിരുന്നു. കേന്ദ്ര പദ്ധതി പ്രകാരം നിഷ്കർഷിക്കുന്ന കലോറിമൂല്യം ഉറപ്പുവരുത്താൻ സംസ്ഥാനം അധികമായി പയർവർഗ്ഗങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മിച്ചം വരുന്ന അരി മറ്റ് ആവശ്യങ്ങൾക്കുപയോഗിക്കാതെ കുട്ടികൾക്ക് തന്നെയാണ് നൽകുന്നത്.<br>5. ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ അമിതചാർജ് ഈടാക്കുന്ന കാര്യം അടുത്ത വില നിർണയ കമ്മിറ്റിയിൽ പരിശോധിക്കാവുന്നതാണ്.<br>6. പയർവർഗ്ഗങ്ങൾക്ക് സിവിൽസപ്ലൈസ് കോർപ്പറേഷൻ ഉയർന്ന വില ഈടാക്കുന്നു എന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | പയർവർഗ്ഗങ്ങളുടെ വില നിലവാരം അംഗീകരിക്കുന്ന അവസരത്തിൽ സംസ്ഥാന വില നിർണ്ണയ കമ്മിറ്റി ഇക്കാര്യം സൂക്ഷ്മമായി പരിശോധിക്കുന്നുണ്ട്.<br>7. നിലവിലുള്ള സംവിധാനമുപയോഗിച്ചുതന്നെ മോണിട്ടറിംഗ് /ഇൻസ്പെക്ഷൻ നടപടികൾ കാര്യക്ഷമമാക്കാൻ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ